بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11 ലക്കം 22

# ബദർ

വാരിക ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

2026 മെയ് 28 ● ഹി.ശം 1405 ഹിജ്റത്ത് 28 ● ഹി. ഖ. 1447 ദുൽഹജ്ജഃ 10


### വിശുദ്ധ ഖുർആനിൽ നിന്ന്:

## ഖുർബാനിയുടെ യഥാർഥ ലക്ഷ്യം

لَنۡ یَّنَالَ اللّٰہَ لُحُوۡمُہَا وَلَا دِمَآؤُہَا وَلٰکِنۡ یَّنَالُہُ التَّقۡوٰی مِنۡکُمۡ ؕ کَذٰلِکَ سَخَّرَہَا لَکُمۡ لِتُکَبِّرُوا اللّٰہَ عَلٰی مَا ہَدٰىکُمۡ ؕ وَبَشِّرِ الۡمُحۡسِنِیۡنَ ○ ﴿سُوۡرَۃُ الۡحَجِّ:38﴾

ഒരിക്കലും അല്ലാഹുവിന് അവയുടെ മാംസവും രക്തവും എത്തുകയില്ല. എന്നാൽ നിങ്ങളുടെ ഭയഭക്തി അവനിലേക്ക് എത്തുന്നതാണ്. അതുപോലെ തന്നെ അല്ലാഹു നിങ്ങൾക്ക് മാർഗദർശനം നൽകിയതിനാൽ നിങ്ങൾ അവന്റെ മഹത്വം പ്രകീർത്തിക്കുന്നതിന്നായി അവൻ അവയെ നിങ്ങൾക്ക് അധീനപ്പെടുത്തിയിരിക്കുന്നു. സുകൃതവാന്മാർക്ക് നീ സന്തോഷവാർത്ത അറിയിക്കുക.

### ഹദീസ്:

## ബലി പെരുന്നാളിന്റെ ശ്രേഷ്ഠതയും ഖുർബാനിയുടെ പ്രാധാന്യവും

ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു: തിരുനബി(സ) മദീനയിൽ എത്തിയപ്പോൾ, മദീനക്കാർ വർഷത്തിൽ രണ്ട് ദിവസങ്ങളിൽ ആഘോഷങ്ങൾ നടത്തിയിരുന്നു. അപ്പോൾ തിരുനബി(സ) പറഞ്ഞു: ആ രണ്ട് ദിവസങ്ങൾക്ക് പകരമായി അവയേക്കാൾ ഉത്തമമായ രണ്ട് ദിവസങ്ങൾ അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചുതന്നിരിക്കുന്നു: ഈദുൽ ഫിത്വറും ഈദുൽ അദ്ഹയും.

*(സുനൻ അബൂദാവൂദ്, കിതാബുസ്സലാത്ത്, ബാബ് സ്വലാത്തുൽ ഈദൈൻ, ഹദീസ്: 1134)*

ഹദ്റത്ത് ആഇശ(റ) നിവേദനം ചെയ്യുന്നു: തിരുനബി(സ) പറയുന്നു: ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെ പക്കൽ യൗമുന്നഹ്ർ (ഈദുൽ അദ്ഹയുടെ ദിവസം) ഖുർബാനി നൽകുന്നതിനേക്കാൾ പ്രിയപ്പെട്ട മറ്റൊരു കർമ്മവും ഇല്ല.

*(സുനൻ തിർമിദി, കിതാബുൽ അദാഹി, ഹദീസ്: 1493, സുനൻ ഇബ്നുമാജ, ഹദീസ്: 3126)*

ഹദ്റത്ത് സൈദ് ബിൻ അർഖം(റ) നിവേദനം ചെയ്യുന്നു: സ്വഹാബികൾ(റ) ചോദിച്ചു: യാ റസൂലല്ലാഹ്! എന്താണ് ഈ ഖുർബാനി? തിരുനബി(സ) പറഞ്ഞു: ഇത് നിങ്ങളുടെ പിതാവായ ഹദ്റത്ത് ഇബ്രാഹീം(അ)ന്റെ ചര്യയാകുന്നു. സ്വഹാബികൾ(റ) വീണ്ടും ചോദിച്ചു: ഇതിൽ ഞങ്ങൾക്ക് എന്ത് പ്രതിഫലമാണുള്ളത്?' തിരുനബി(സ) പറഞ്ഞു: ഓരോ രോമത്തിനും പകരമായി ഓരോ പുണ്യം.

*(സുനൻ ഇബ്നുമാജ, കിതാബുൽ അദാഹി, ഹദീസ്: 3127)*

### ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങൾ:

## ഖുർബാനിയുടെ യഥാർത്ഥ അർത്ഥവും തഖ്‌വയുടെ ചൈതന്യവും

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഇസ്ലാമിക ശരീഅത്തിലെ അനിവാര്യമായ പല കല്പനകൾക്കും അല്ലാഹു മാതൃകകൾ നിശ്ചയിച്ചിട്ടുണ്ട്. അതായത്, മനുഷ്യൻ തന്റെ സർവ്വ കഴിവുകളോടും തന്റെ മുഴുവൻ അസ്തിത്വത്തോടും കൂടി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സ്വയം ബലിയാകണം എന്നതാണ് മനുഷ്യനോടുള്ള കല്പന. അതിനാൽ ബാഹ്യമായ ഖുർബാനികൾ (ബലികർമ്മങ്ങൾ) ഈയൊരു അവസ്ഥയ്ക്കുള്ള മാതൃകയായി നിശ്ചയിക്കപ്പെട്ടിരിക്കുകയാണ്. എന്നാൽ യഥാർത്ഥ ലക്ഷ്യം ആ ആത്മ സമർപ്പണം തന്നെയാണ്. അല്ലാഹു പറയുന്നു:

لَنۡ یَّنَالَ اللّٰہَ لُحُوۡمُہَا وَلَا دِمَآؤُہَا وَلٰکِنۡ یَّنَالُہُ التَّقۡوٰی مِنۡکُمۡ

അതായത്, അല്ലാഹുവിന് നിങ്ങളുടെ ഖുർബാനികളുടെ മാംസമോ രക്തമോ എത്തുന്നില്ല. (അൽഹജ്ജ്: 38) അതായത്, അവനോടുള്ള ഭയം കാരണമായി അവന്റെ മാർഗ്ഗത്തിൽ നിങ്ങൾ മരിക്കാൻ വരെ തയ്യാറാകുക. നിങ്ങളുടെ സ്വന്തം കൈകൾ കൊണ്ട് നിങ്ങൾ ബലിമൃഗങ്ങളെ അറുക്കുന്നതുപോലെ നിങ്ങളും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അറുക്കപ്പെടുക. തഖ്‌വയും ഈ നിലവാരത്തിലും താഴെയാണെങ്കിൽ അത് അപൂർണ്ണമാണ്.

*(ചശ്മയെ മഅ്‌രിഫത്ത്, റൂഹാനി ഖസായിൻ ഭാഗം: 23, പേജ് 99)*

### തഫ്സീർ കബീറിൽ നിന്ന്:

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)

## ഖുർബാനിയുടെ യഥാർത്ഥ യുക്തിയും തഖ്‌വയുടെ സന്ദേശവും

ഓർക്കുക, ഖുർബാനികളുടെ യുക്തി മാംസമോ രക്തമോ അല്ലാഹുവിന് എത്തുന്നു എന്നതല്ല. മറിച്ച് അവയിലൂടെ ഭയഭക്തി ഉണ്ടാകുന്നുവെന്നും ആ തഖ്‌വ അല്ലാഹുവിന് ഇഷ്ടമാണെന്നതുമാണ്. ചില ആളുകൾ അല്ലാഹു (നഊദുബില്ലാഹ്) ഹിന്ദുക്കളുടെ ദേവന്മാരെപ്പോലെ രക്തത്തിന് ദാഹിക്കുന്നവനും മാംസത്തിന് വിശക്കുന്നവനുമാണോ, അതുകൊണ്ടാണോ മൃഗങ്ങളെ ബലിയറുക്കാൻ അവൻ കല്പിക്കുന്നതെന്നും, അവയുടെ ജീവന്റെ ബലിയെ അവൻ താല്പര്യത്തോടെ സ്വീകരിക്കുകയും ഖുർബാനി ചെയ്യുന്നവർക്ക് സ്വർഗ്ഗത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നതെന്നും ആക്ഷേപം ഉന്നയിക്കാറുണ്ട്. ഇതിനുള്ള മറുപടിയായി അല്ലാഹു ഈ ആയത്തിൽ പറഞ്ഞിരിക്കുന്നത്, ഖുർബാനികളുടെ മാംസമോ രക്തമോ അല്ലാഹുവിന് എത്തുന്നു എന്നതല്ല മറിച്ച് അവയിലൂടെ മനുഷ്യന്റെ ഹൃദയത്തിൽ ഭയഭക്തി ഉണ്ടാകുന്നുവെന്നും ആ തഖ്‌വയാണ് അല്ലാഹുവിന് ഇഷ്ടം എന്നുമാണ്. അതിനാൽ ആടുകളെയോ ഒട്ടകങ്ങളെയോ പശുക്കളെയോ ഖുർബാനി നൽകിയതുകൊണ്ട് തങ്ങൾ അല്ലാഹുവിനെ കണ്ടെത്തിയെന്ന് കരുതുന്നവർക്ക് തെറ്റുപറ്റുന്നു.

മൃഗങ്ങളെ സ്വയം അറുക്കുകയും സ്വയം തന്നെ അത് ഭക്ഷിക്കുകയും ചെയ്യുന്നത് വലിയ കാര്യമൊന്നുമല്ലെന്ന് അല്ലാഹു വ്യക്തമായി പറയുന്നു. അതുകൊണ്ട് അല്ലാഹുവിന് എന്ത് കിട്ടാനാണ്? വളരെ ആഴത്തിലുള്ള യുക്തി ഒളിഞ്ഞുകിടക്കുന്ന ഒരു യാഥാർത്ഥ്യത്തെ ചിത്രഭാഷയിൽ (ചിഹ്നങ്ങളിലൂടെ) പ്രകടിപ്പിക്കുക മാത്രമാണിത്. ചിത്രകാരന്മാർ എപ്പോഴും ചിത്രങ്ങൾ വരയ്ക്കാറുണ്ടല്ലോ, എന്നാൽ അവരുടെ ലക്ഷ്യം കേവലം ചിത്രം വരയ്ക്കുക മാത്രമല്ല, മറിച്ച് അവയിലൂടെ സമൂഹത്തിന് മുമ്പിൽ ചില സുപ്രധാന ആശയങ്ങൾ അവതരിപ്പിക്കുക എന്നതാണ്. അങ്ങനെ ചിലപ്പോൾ അവർ ചങ്ങല വരയ്ക്കുന്നു, അതിനർത്ഥം ദേശീയ ഐക്യം എന്നാണ്, ചിലപ്പോൾ അവർ സൂര്യോദയത്തിന്റെ ദൃശ്യം കാണിക്കുന്നു, അതിനർത്ഥം ദേശീയ പുരോഗതി എന്നുമാണ്. ഇതേപോലെ ഈ ബാഹ്യമായ ഖുർബാനിയും ഒരു ചിത്രഭാഷയാണ്, അതിനർത്ഥം മൃഗത്തെ അറുക്കുന്നയാൾ തന്റെ സ്വന്തം ദേഹേച്ഛകളെ ഖുർബാനി നൽകാൻ തയ്യാറാണ് എന്നാണ്.

അതിനാൽ ഖുർബാനി നൽകുന്ന ഏതൊരാളും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ താൻ എല്ലാം സമർപ്പിക്കാൻ തയ്യാറാണ് എന്നാണ് ഇതിലൂടെ പ്രകടിപ്പിക്കുന്നത്. അതിനുശേഷമുള്ള രണ്ടാമത്തെ പടി, ചിത്രഭാഷയിൽ ഒരു വ്യക്തി ഏതൊരു കാര്യമാണോ ഏറ്റുപറഞ്ഞത് അത് പ്രായോഗികമായി അവൻ നിറവേറ്റിക്കാണിക്കുക എന്നതാണ്. എന്തെന്നാൽ യാഥാർത്ഥ്യമില്ലാത്ത കേവലമൊരു അനുകരണം യാതൊരു ആദരവിനും കാരണമാകില്ല. അതുപോലെതന്നെ, ആടിന്റെ ഖുർബാനിയോടൊപ്പം സ്വന്തം ദേഹേച്ഛകളെയും ഖുർബാനി ചെയ്യുന്നവൻ മാന്യന്മാരുടെ അടുക്കൽ ആദരണീയനാണ്.

ശേഷം പേജ് 12 ൽ

### അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

**എഡിറ്റോറിയൽ**

# ഹജ്ജ് ബൈത്തുല്ലാഹും ഈദുൽ അദ്ഹയും

ഹജ്ജ് ഇസ്‌ലാമിലെ അടിസ്ഥാന കാര്യങ്ങളിൽ അഞ്ചാമത്തേതാണ്. ഹജ്ജ് നിർബന്ധമാക്കിയതിനെക്കുറിച്ചും അതിന്റെ കർമങ്ങളെക്കുറിച്ചുമുള്ള വിശദമായ പരാമർശം വിശുദ്ധ ഖുർആനിൽ വന്നിട്ടുണ്ട്. കൂടാതെ തിരുനബി(സ) സ്വയം ഹജ്ജ് നിർവ്വഹിച്ച് അതിന്റെ കർമങ്ങൾ പ്രായോഗികമായി കാണിച്ചുതന്നുകൊണ്ട് സമുദായത്തിന് അതിന്റെ നടപടിക്രമങ്ങൾ നടപ്പിലാക്കിത്തരികയും ചെയ്തു. സൂറത്ത് ആലു ഇംറാൻ 98ാം ആയത്തിൽ അല്ലാഹു പറയുന്നു: ജനങ്ങൾ ഈ ഭവനത്തിൽ ഹജ്ജ് നിർവ്വഹിക്കുക എന്നത് അല്ലാഹുവിന് അവരോടുള്ള അവകാശമാണ്, അതായത് ഈ ഭവനത്തിലേക്ക് പോകാൻ കഴിവുള്ള ആരും പോകേണ്ടതാണ്.

സൂറത്തുൽ ഹജ്ജ് 28ാം ആയത്തിൽ പറയുന്നു: ജനങ്ങൾക്കിടയിൽ ഹജ്ജിനായി വിളംബരം ചെയ്യുക, അവർ നിന്റെ അടുക്കൽ കാൽനടയായും ദീർഘയാത്രയുടെ ക്ഷീണത്താൽ മെലിഞ്ഞൊട്ടിയ എല്ലാവിധ വാഹനങ്ങളിലും വന്നെത്തും. ആ വാഹനങ്ങളും സാധനങ്ങളും വിദൂരമായ എല്ലാ വഴികളിലൂടെയും വന്നെത്തും.

ഹജ്ജിന്റെ കർമ്മങ്ങളെക്കുറിച്ച് പരാമർശിച്ചുകൊണ്ട് സൂറത്തുൽ ബഖറ 159-ാം ആയത്തിൽ അല്ലാഹു പറയുന്നു: തീർച്ചയായും സഫായും മർവ്വയും അല്ലാഹുവിന്റെ അടയാളങ്ങളിൽ പെട്ടതാണ്. അതിനാൽ ഈ ഭവനത്തിൽ ഹജ്ജോ ഉംറയോ നിർവ്വഹിക്കുന്ന ഏതൊരാളും അവ രണ്ടിനും ഇടയിൽ ത്വവാഫ് ചെയ്യുന്നതിൽ (പ്രദിക്ഷണം) യാതൊരു തെറ്റുമില്ല. സൂറത്തുൽ ബഖറ 196 മുതൽ 201 വരെയുള്ള ആയത്തുകളിൽ ഹജ്ജിന്റെ കർമ്മങ്ങളെക്കുറിച്ചുള്ള വിശദമായ വിവരണം നൽകിയിട്ടുണ്ട്.

ഹജ്ജിന്റെ യുക്തിയും തത്ത്വചിന്തയും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

സാധകന്റെ (ആത്മീയ യാത്രികന്റെ) അവസാന ഘട്ടം എന്നത് അവൻ ലൗകിക ബന്ധങ്ങളിൽ നിന്ന് മുക്തനായി അല്ലാഹുവിനോടുള്ള പ്രണയത്തിലും സ്നേഹത്തിലും ലയിക്കുക എന്നതാണ്. യഥാർത്ഥ കാമുകനും സ്നേഹിതനുമായവൻ തന്റെ ജീവനും ഹൃദയവും ബലിയാക്കുന്നു. ഈ ഖുർബാനിയുടെ ബാഹ്യമായ അടയാളമാണ് ബൈത്തുല്ലാഹിന്റെ ത്വവാഫ്. ഭൂമിയിൽ ഒരു ബൈത്തുല്ലാഹ് ഉള്ളതുപോലെ തന്നെ ആകാശത്തുമുണ്ട്. മനുഷ്യൻ അതിന്റെ (ആകാശത്തുള്ളതിന്റെ) ത്വവാഫ് ചെയ്യാത്തിടത്തോളം കാലം ഇതിന്റെ ത്വവാഫും പൂർണ്ണമാകുന്നില്ല. ഇതിന്റെ ത്വവാഫ് ചെയ്യുന്ന ഒരാൾ എല്ലാ വസ്ത്രങ്ങളും മാറ്റി ഒരു വസ്ത്രം മാത്രം ശരീരത്തിൽ ധരിക്കുന്നു, എന്നാൽ അതിന്റെ (ആകാശത്തുള്ളതിന്റെ) ത്വവാഫ് ചെയ്യുന്നവൻ അല്ലാഹുവിനുവേണ്ടി എല്ലാ വസ്ത്രങ്ങളും ഉപേക്ഷിച്ച് പൂർണ്ണമായും നഗ്നനാകുന്നു. ത്വവാഫ് എന്നത് അല്ലാഹുവിനെ പ്രണയിക്കുന്നവരുടെ ഒരു അടയാളമാണ്. തങ്ങൾക്ക് സ്വന്തമായി യാതൊരു ഇഷ്ടവും അവശേഷിച്ചിട്ടില്ലാത്തതുപോലെ ആ പ്രണയിതാക്കൾ അവനുചുറ്റും കറങ്ങുന്നു. അവർ അവനുചുറ്റുമായി സ്വയം ഖുർബാനിയായിക്കൊണ്ടിരിക്കുകയാണ്.

*(അൽ ബദർ, തിയ്യതി 10 ജനുവരി 1907, പേജ് 15)*

ഹജ്ജിന് സാമ്പത്തിക ശേഷി, ആരോഗ്യം, യാത്രയിലുള്ള സുരക്ഷിതത്വം എന്നിവ അനിവാര്യമാണ്, അതായത് ഇതൊരു വ്യവസ്ഥാപിതമായ നിർബന്ധ ബാധ്യതയാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

സാമ്പത്തിക ബുദ്ധിമുട്ടോ യാത്രയിലെ തടസ്സങ്ങളോ വാർദ്ധക്യമോ അസുഖമോ കാരണം ഹജ്ജ് ചെയ്യാൻ സാധിക്കാത്ത, എന്നാൽ തടസ്സങ്ങൾ നീങ്ങിയാൽ ഹജ്ജ് ചെയ്യണമെന്ന് നിയ്യത്ത് (ഉദ്ദേശ്യം) ഉള്ള ഏതൊരാളും ഹജ്ജ് ചെയ്തവനെപ്പോലെ തന്നെയാണ്. *(അൽ ഫസൽ, 4 മെയ് 1922)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

നാലാമത്തെ കല്പന ഹജ്ജിന്റെതാണ്. യാത്ര ചെയ്യാൻ സമ്പത്തുണ്ടാവുകയും വഴിയിൽ യാതൊരു അപകടവുമില്ലാതിരിക്കുകയും ഭാര്യാമക്കളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും സൗകര്യമുണ്ടാവുകയും ചെയ്താൽ ജീവിതത്തിൽ ഒരു തവണ ഹജ്ജ് ചെയ്യണമെന്നാണ് കല്പനയുള്ളത്.

*(അൽ അസ്ഹാർ ലി ദവാതിൽ ഖിമാർ, പേജ് 24)*

തുടർന്ന് പറയുന്നു:

അല്ലാഹു ആർക്കെങ്കിലും തൗഫീഖ് നൽകിയാൽ അവൻ ഹജ്ജ് ചെയ്യണം, ഇതിന് പല നിബന്ധനകളുമുണ്ട്. ഉദാഹരണത്തിന് സാമ്പത്തിക ശേഷിയുണ്ടാവുക, യാത്രയിൽ സുരക്ഷിതത്വമുണ്ടാവുക, അതുപോലെ സ്ത്രീയാണെങ്കിൽ അവളുടെ കൂടെ അവളുടെ ഭർത്താവോ മകനോ സഹോദരപുത്രനോ അങ്ങനെയുള്ള മറ്റേതെങ്കിലും മുഹറമായ ബന്ധുക്കളോ ഉണ്ടായിരിക്കുക. *(അൽ അസ്ഹാർ ലി ദവാതിൽ ഖിമാർ, പേജ് 47)*

ഹിജ്റ ആറാം വർഷം ഹുദൈബിയ സന്ധിയുടെ വേളയിൽ തിരുനബി(സ) ഹജ്ജ് ചെയ്യണമെന്ന് ഉദ്ദേശിച്ചുകൊണ്ട് പുറപ്പെട്ടിരുന്നു. എന്നാൽ തിരുനബി(സ)യെ ഹജ്ജിൽ നിന്നും ഉംറയിൽ നിന്നും തടഞ്ഞു. അതിനാൽ തിരുനബി(സ) ഹജ്ജും ഉംറയും നിർവ്വഹിക്കാതെ സമാധാന കരാറിലേർപ്പെട്ടു. കൂടാതെ തിരുനബി(സ) കൂടെ കൊണ്ടുപോയിരുന്ന ബലിമൃഗങ്ങളെ അവിടെവെച്ച് അറുക്കുകയും ചെയ്തു. തിരുനബി(സ)യുടെ ചര്യ പിൻപറ്റിക്കൊണ്ട് സ്വഹാബികളും തങ്ങളുടെ മൃഗങ്ങളെ ഖുർബാനി നൽകി. ഹജ്ജിൽ നിന്ന് തടയപ്പെട്ടപ്പോൾ തിരുനബി(സ) ഹജ്ജ് ചെയ്യാതെ സമാധാനത്തിന്റെ പാതയാണ് സ്വീകരിച്ചത്. തിരുനബി(സ)യുടെ ഈ പ്രവൃത്തി ഭാവിയിലെ മഹത്തായ വിജയങ്ങളുടെ വാതിലുകൾ തുറക്കാൻ കാരണമായി.

## ഈദുൽ അദ്ഹ അഥവാ ബലിപെരുന്നാൾ

ദുൽഹജ്ജ് 10നാണ് ഈദുൽ അദ്ഹ ആഘോഷിക്കുന്നത്. ഇതിനെ ബലിപെരുന്നാൾ എന്നും പറയുന്നു, കൂടാതെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഇതിനെ വലിയ പെരുന്നാൾഎന്നും പറയാറുണ്ട്. ഖുർബാനിയുടെ (ത്യാഗത്തിന്റെ) ചൈതന്യത്തെ ഉണർത്തുന്ന ഈ പെരുന്നാൾ ഹദ്റത്ത് ഇബ്രാഹീം(അ)ന്റെയും ഹദ്റത്ത് ഇസ്മാഈൽ(അ)ന്റെയും മഹത്തായ ത്യാഗത്തിന്റെ ഓർമ പുതുക്കലാണ്. ഹദ്റത്ത് ഇബ്രാഹീം(അ), തന്റെ മകൻ ഇസ്മാഈൽ(അ)നെ ബലി അറുക്കുന്നതായി സ്വപ്നത്തിൽ കണ്ടു. പിന്നീട് ഈ സ്വപ്നം സാക്ഷാൽക്കരിക്കാൻ ഒരുങ്ങിയപ്പോൾ, അനുസരണയുള്ള തന്റെ മകനും അതിന് തയ്യാറായിരുന്നു. അപ്പോൾ അല്ലാഹു പറഞ്ഞു: നീ നിന്റെ സ്വപ്നം നേരത്തെ തന്നെ സാക്ഷാൽക്കരിച്ചിരിക്കുന്നു.

ഈദുൽ അദ്ഹയുടെ ദിവസം പെരുന്നാളിന് മുമ്പ് ഒന്നും കഴിക്കാതിരിക്കുക എന്നതായിരുന്നു തിരുനബി(സ)യുടെ രീതി. എന്നാൽ ഈദുൽ ഫിത്വറിന് എന്തെങ്കിലും കഴിച്ചതിനുശേഷമാണ് പെരുന്നാളിനായി പോകാറുണ്ടായിരുന്നത്. ഈദുൽ അദ്ഹയ്ക്ക് ഖുർബാനിയുടെ മൃഗത്തെ അറുത്തതിന് ശേഷം അതിന്റെ മാംസമാണ് തിരുനബി(സ) കഴിച്ചിരുന്നത്. (ഈദ് ദിവസം ഖുർബാനി അറുക്കുന്നവർ ഈ തിരുചര്യ പിന്തുടരുന്നു.) ഈദ് ഗാഹിൽ വെച്ച് മൃഗത്തെ അറുക്കുക എന്നതും തിരുനബി(സ)യുടെ രീതിയായിരുന്നു. തിരുനബി(സ) രണ്ട് മൃഗങ്ങളെ അറുക്കുമായിരുന്നു, ഒന്ന് തന്റെ പേരിലും മറ്റൊന്ന് തന്റെ സമുദായത്തിന്റെ (ഉമ്മത്തിന്റെ) പേരിലുമാണ് ഖുർബാനി നൽകിയിരുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഹൃദയങ്ങളുടെ പരിശുദ്ധിയാണ് യഥാർത്ഥ ഖുർബാനി. മാംസവും രക്തവുമല്ല യഥാർത്ഥ ഖുർബാനി. സാധാരണക്കാർ മൃഗങ്ങളെ ഖുർബാനി നൽകുന്ന സ്ഥാനത്ത്, പ്രധാന ആളുകൾ ഹൃദയങ്ങളെയാണ് ബലി നൽകുന്നത്. എന്നാൽ അല്ലാഹു ഈ ഖുർബാനികളും (മൃഗബലിയും) നിർത്തിവെച്ചിട്ടില്ല, ഈ ഖുർബാനികൾക്കും മനുഷ്യനുമായി ബന്ധമുണ്ടെന്ന് അറിയാൻ വേണ്ടിയാണിത്. *(ബറാഹീനെ അഹ്മദിയ്യ അഞ്ചാം ഭാഗം, റൂഹാനി ഖസായിൻ ഭാഗം: 21, പേജ് 424)*

ഈദുൽ അദ്ഹയുടെ ദിവസത്തെ നഫ്ൽ നോമ്പിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

ആരോഗ്യമുള്ള അവസ്ഥയിൽ ഖുർബാനി നൽകിയതിന് ശേഷം അതിൽ നിന്നും കഴിക്കുക എന്നതായിരുന്നു തിരുനബി(സ)യുടെ സ്ഥിരീകരിക്കപ്പെട്ട രീതി. എന്നാൽ ഇതാരെങ്കിലും നോൽക്കാതിരുന്നാൽ പാപിയായിത്തീരുന്ന അത്ര വലിയൊരു നോമ്പൊന്നുമല്ല. ഇതൊരു നിർബന്ധ ബാധ്യതയല്ല (ഫർളല്ല), മറിച്ച് നഫ്ൽ നോമ്പും പുണ്യകരമായ കാര്യവുമാണ്. നോൽക്കാൻ കഴിയുന്നവർ നോൽക്കുക, എന്നാൽ രോഗിയോ വൃദ്ധനോ മറ്റേതെങ്കിലും കാരണം കൊണ്ട് നോൽക്കാൻ കഴിയാത്തവരോ ആണെങ്കിൽ അവരതിന് നിർബന്ധിതരല്ല, അത് നോൽക്കാതിരിക്കുന്നതിലൂടെ അവർ പാപികളാകുകയുമില്ല... ആരോഗ്യമുള്ള അവസ്ഥയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് പ്രാവർത്തികമാക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. (ഖുത്ബാത്തെ മഹ്മൂദ് ഭാഗം: 2, പേജ് 263)

ഖുർബാനിക്കുള്ള മൃഗത്തിന് യാതൊരു ന്യൂനതയുമുണ്ടാകരുത് എന്നതാണ് നിബന്ധന. മുടന്തുള്ളതോ, രോഗമുള്ളതോ, ചെവി മുറിഞ്ഞതോ, കൊമ്പ് പൂർണ്ണമായും ഒടിഞ്ഞതോ ആകരുത്. കൂടാതെ അത് ആരോഗ്യമുള്ളതുമായിരിക്കണം. ഖുർബാനിയുടെ സമയം പെരുന്നാൾ നമസ്കാരത്തിന് ശേഷം ആരംഭിക്കുകയും മൂന്നു ദിവസം തുടരുകയും ചെയ്യുന്നു. ഖുർബാനിയുടെ മാംസം സ്വന്തമായി ഉപയോഗിക്കാവുന്നതാണ്. കൂടാതെ ബന്ധുമിത്രാദികൾക്കും പാവപ്പെട്ടവർക്കും നൽകുകയും വേണം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

ശേഷം പേജ് 9 ൽ

# ഖുത്വ്ബ ജുമുഅ

2026 ഏപ്രിൽ 10, 1405 ശഹാദത്ത് 10
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

# തൗഹീദിന്റെ സംസ്ഥാപനത്തിനു വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്ത അശ്രാന്ത പരിശ്രമങ്ങളും പ്രായോഗിക മാതൃകകളും ശിക്ഷണവും

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

**തന്റെ യജമാനരായ തിരുനബി(സ)യെ പിൻപറ്റിക്കൊണ്ട് തൗഹീദ് സ്ഥാപിക്കുന്നതിനായുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശ്രമങ്ങൾ, അദ്ദേഹത്തിന്റെ പ്രായോഗിക മാതൃകകൾ, അനുയായികൾക്ക് നൽകിയ ഉപദേശങ്ങൾ, അവരെ അദ്ദേഹം എങ്ങനെയാണ് തർബിയത്ത് ചെയ്തിരുന്നത്** എന്നിവ സംബന്ധിച്ച ചില സംഭവങ്ങൾ ഞാൻ അവതരിപ്പിക്കാം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു: ഒരാളുടെ മകൻ മരണപ്പെടുകയും അയാളുടെ ഒരു സുഹൃത്ത് ആശ്വസിപ്പിക്കാനായി അയാളുടെ അടുക്കൽ ചെല്ലുകയും ചെയ്തപ്പോൾ അയാൾ ഉച്ചത്തിൽ കരഞ്ഞുകൊണ്ട് സുഹൃത്തിനോട് പറഞ്ഞു, 'അല്ലാഹു എന്നോട് വലിയ അനീതിയാണ് കാണിച്ചത്.' അതായത്, അയാളുടെ ധാരണയിൽ അയാളുടെ ഏതോ ഒരു അവകാശം അല്ലാഹു തട്ടിയെടുത്തു എന്നതായിരുന്നു.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ സംഭവം ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം തുടർന്നു പറയുന്നു:

എന്നാൽ ആലോചിച്ചു നോക്കൂ, അല്ലാഹുവിന്റെ മേൽ ഒരു ദാസൻ സ്ഥാപിച്ചിട്ടുള്ള ഏത് അവകാശമാണുള്ളത്? തങ്ങളുടെ നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ്, തവ്വ, പരിശുദ്ധി എന്നിവയിൽ അഭിമാനം കൊള്ളുന്ന ആളുകൾ ഏതെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോൾ ***അല്ലാഹു ഞങ്ങളോട് അനീതി കാണിച്ചു*** എന്ന് നിലവിളിക്കുന്നത് കാണാം. അതിൽ എനിക്ക് എപ്പോഴും അത്ഭുതം തോന്നാറുണ്ട്. എന്നാൽ, ദീനിൽ നിന്ന് തികച്ചും അശ്രദ്ധനായിരുന്ന ഹിന്ദുസ്ഥാനിലെ ആ മദ്യപാനിയായ കവി, മദ്യത്തിന് അടിമയായിരുന്നിട്ടും സത്യത്തിന്റെ ഒരു നിമിഷത്തിൽ അല്ലാഹുവിന്റെ ഇൽഹാം അയാളുടെ ഹൃദയത്തിൽ അവതരിക്കുകയും അയാൾ ഇപ്രകാരം പറയുകയും ചെയ്തു:

جان دی دی ہوئی اسی کی تھی حق تو یہ ہے کہ حق ادا نہ ہوا

ജീവൻ നൽകി, അത് അവൻ തന്നെ നൽകിയതായിരുന്നു

യഥാർത്ഥത്തിൽ ആ കടപ്പാട് വീട്ടാൻ കഴിഞ്ഞിട്ടുമില്ല!

*(ദുനിയാ മേം തറഖി കർനേ കേ ഗുർ, അൻവാറുൽ ഉലൂം, ഭാഗം: 12, പേജ് 311,312)*

ആകയാൽ, **മനുഷ്യൻ എപ്പോഴും തങ്ങൾക്ക് ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളും സന്താനങ്ങളും അല്ലാഹുവിന്റെ ഔദാര്യം കൊണ്ടാണ് ലഭിച്ചിട്ടുള്ളതെന്നും അതുകൊണ്ട് നാം എപ്പോഴും അല്ലാഹുവിന്റെ മുമ്പിൽ തല കുനിക്കുന്നവരായിരിക്കണം എന്നുമാണ് ഈ കാര്യം നമ്മോട് ആവശ്യപ്പെടുന്നതെന്ന് മനസ്സിലാക്കേണ്ടതുണ്ട്; അല്ലാഹുവിലുള്ള തൗഹീദ് (ഏകദൈവവിശ്വാസം) നമ്മുടെ ഓരോ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പ്രകടിപ്പിക്കണം. ഒരിക്കലും ശിർക്കിന്റെ ചെറിയൊരു ലാഞ്ചനപോലും നമ്മിൽ ഉണ്ടാകരുത്. അല്ലാഹുവിന്റെ മേൽ നമുക്ക് എന്തെങ്കിലും അവകാശമുണ്ടെന്ന് ഒരിക്കലും കരുതരുത്. അല്പം ഇബാദത്ത് (ആരാധന) ചെയ്തതു കൊണ്ട് യാതൊരു കടപ്പാടും നിറവേറ്റപ്പെടുന്നില്ല, മറിച്ച് നാം നമ്മുടെ തന്നെ പ്രയോജനത്തിനായാണ് അത് ചെയ്യുന്നത്.**

അതുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂചിപ്പിച്ച ആ കവി പറയുന്നത് ഇതാണ്: ജീവൻ നൽകിയത് അല്ലാഹുവായിരുന്നു, അല്ലാഹു നമ്മെ ഈ ലോകത്ത് സൃഷ്ടിച്ചു, നാം ഈ ലോകത്ത് വരികയും ചെയ്തു. എന്നാൽ അല്ലാഹുവിനോടുള്ള നന്ദിസൂചകമായി നാം നിറവേറ്റേണ്ട കടമകൾ നമുക്ക് നിറവേറ്റാനായില്ല.

ഇതേപ്രകാരം, **ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇളയ മകനായ മുബാറക് അഹ്മദിന്റെ വിയോഗത്തിൽ ആ മഹാത്മാവിന്റെ പ്രതികരണം** വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:

മുബാറക് അഹ്മദിനോട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വലിയ സ്നേഹമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ രോഗാവസ്ഥയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെയധികം ശുശ്രൂഷകൾ ചെയ്തു. അതുകൊണ്ടുതന്നെ മുബാറക് അഹ്മദ് മരണപ്പെടുകയാണെങ്കിൽ അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വലിയ ആഘാതമുണ്ടാക്കുമെന്ന് ഹദ്റത്ത് ഖലീഫത്തുൽ അവ്വൽ(റ)വിന് പോലും തോന്നിയിരുന്നു. അവസാന നിമിഷം ഹദ്റത്ത് മൗലവി സാഹിബ്(റ) (ഹദ്റത്ത് ഖലീഫത്തുൽ അവ്വൽ(റ)) അദ്ദേഹത്തിന്റെ നാഡിമിടിപ്പ് പരിശോധിക്കുകയായിരുന്നു. നാഡിമിടിപ്പ് നിലച്ചുകൊണ്ടിരിക്കുകയായിരുന്നതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് കസ്തൂരി കൊണ്ടുവരാൻ അദ്ദേഹം പറഞ്ഞു. ആ വിയോഗം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എത്രത്തോളം വലിയ ആഘാതം സൃഷ്ടിക്കുമെന്ന ചിന്ത ഹദ്റത്ത് ഖലീഫത്തുൽ അവ്വൽ(റ)വിനെ വല്ലാതെ ബാധിക്കുകയും അദ്ദേഹം നിന്ന നിൽപിൽ നിലത്തുവീണുപോവുകയും ചെയ്തു.

മുബാറക് അഹ്മദിന്റെ വിയോഗം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എത്രമാത്രം ആഘാതമുണ്ടാക്കും എന്ന് ചിന്തിച്ചുകൊണ്ടുമാത്രമാണ് അദ്ദേഹത്തിന് അങ്ങനെ സംഭവിച്ചത്.

എന്നാൽ മുബാറക് അഹ്മദ് മരണപ്പെട്ടുവെന്ന് മനസ്സിലായപ്പോൾ, ഉടൻ തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ) അത്യധികം ക്ഷമയോടെ സുഹൃത്തുക്കൾക്ക് കത്തുകൾ എഴുതാൻ തുടങ്ങി: മുബാറക് അഹ്മദ് മരണപ്പെട്ടിരിക്കുന്നു, എന്നാൽ ഈ കാര്യത്തിൽ പരിഭ്രാന്തരാകരുത്. അതാണ് അല്ലാഹുവിന്റെ ഇച്ഛ, അതിൽ നമ്മൾ ക്ഷമ കൈക്കൊള്ളണം.

തുടർന്ന് പുറത്തുവന്ന് പുഞ്ചിരിച്ചുകൊണ്ട് അദ്ദേഹം പ്രസംഗിക്കാൻ തുടങ്ങി: **മുബാറക് അഹ്മദിനെക്കുറിച്ച് അല്ലാഹുവിന്റെ ഇൽഹാം പൂർത്തിയായിരിക്കുന്നു!**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു കവിതാശകലവുമുണ്ട്:

بلانے والا ہے سب سے پیارا اسی پہ اے دل تو جاں فدا کر

വിളിക്കുന്നവനാണ് ഏറ്റവും പ്രിയപ്പെട്ടവൻ, അല്ലയോ ഹൃദയമേ, അവനിൽ നീ ജീവൻ അർപ്പിക്കുക!

(നജാത്ത്, അൻവാറുൽ ഉലൂം, ഭാഗം 7, പേജ് 65,66)

ഇതേപ്രകാരം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചരിത്രം വിവരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു:

ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്ന് ഒരു കാര്യം ഞാൻ പലതവണ കേട്ടിട്ടുണ്ട്. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട തുർക്കിയിലെ സുൽത്താൻ അബ്ദുൽ ഹമീദ് ഖാനെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു: സുൽത്താൻ അബ്ദുൽ ഹമീദ് ഖാന്റെ ഒരു കാര്യം എനിക്ക് വളരെ ഇഷ്ടമാണ്.

അദ്ദേഹത്തിന്റെ പല കാര്യങ്ങളും തെറ്റായിരുന്നുവെങ്കിലും, ഈയൊരു കാര്യം തനിക്ക് വളരെ ഇഷ്ടമാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുമായിരുന്നു. അതെന്താണ്?

യൂനാനുമായുള്ള (ഗ്രീസുമായുള്ള) യുദ്ധത്തിന്റെ വിഷയം ഉയർന്നപ്പോൾ മന്ത്രിമാർ പല ഒഴിവുകഴിവുകളും നിരത്തി. യഥാർത്ഥത്തിൽ യുദ്ധം നടക്കണമെന്നായിരുന്നു സുൽത്താൻ അബ്ദുൽ ഹമീദിന്റെ ആഗ്രഹം. എന്നാൽ മന്ത്രിമാരുടെ ആഗ്രഹം അതായിരുന്നില്ല. അതുകൊണ്ടാണ് അവർ പല ഒഴിവുകഴിവുകളും സമർപ്പിച്ചത്. അവസാനം അവർ പറഞ്ഞു, യുദ്ധത്തിനായി ഈ കാര്യവും തയ്യാറാണ്, ആ കാര്യവും തയ്യാറാണ്, എന്നാൽ സുപ്രധാനമായ എന്തോ ഒന്ന് എടുത്തുപറഞ്ഞുകൊണ്ട് ഇന്ന കാര്യത്തിന് വേണ്ട ഏർപ്പാടുകളില്ല എന്ന് അവർ പറഞ്ഞു.

ശരിയാണ്. ഞങ്ങൾ തയ്യാറാണ്, തയ്യാറാണ് എന്നൊക്കെ അവർ പറഞ്ഞു, എന്നാൽ ഇന്ന കുറവുണ്ട്, ആ കുറവുകാരണം യുദ്ധം ചെയ്യുക എന്നത് വളരെ പ്രയാസകരമാണ്.

ഉദാഹരണത്തിന്, അവർ ഇങ്ങനെ പറഞ്ഞുവെന്ന് കരുതുക (മിക്കവാറും ഇതുതന്നെയായിരിക്കാം അവർ പറഞ്ഞിട്ടുണ്ടാവുക), എല്ലാ യൂറോപ്യൻ ശക്തികളും ഇപ്പോൾ ഗ്രീസിനെ സഹായിക്കുന്ന കാര്യത്തിൽ ഒറ്റക്കെട്ടാണ്, ഇതിന് നമ്മുടെ പക്കൽ യാതൊരു പരിഹാരവുമില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു: മന്ത്രിമാർ തങ്ങളുടെ അഭിപ്രായം സമർപ്പിക്കുകയും ബുദ്ധിമുട്ടുകൾ അറിയിക്കുകയും ഇന്ന കാര്യത്തിന് ഏർപ്പാടുകളില്ല എന്ന് പറയുകയും ചെയ്തപ്പോൾ സുൽത്താൻ അബ്ദുൽ ഹമീദ് നൽകിയ മറുപടി, ഏതെങ്കിലുമൊരു ഇടം അല്ലാഹുവിനാ

യി മാറ്റിവെക്കണം എന്നായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) സുൽത്താൻ അബ്ദുൽ ഹമീദിന്റെ ഈ വാചകത്തിൽ നിന്ന് വളരെയധികം ആനന്ദം കൊള്ളുകയും തനിക്ക് അദ്ദേഹത്തിന്റെ ഈ വാക്ക് വളരെ ഇഷ്ടപ്പെട്ടു എന്ന് പറയുമാറുമുണ്ടായിരുന്നു.

കാരണം അദ്ദേഹം അല്ലാഹുവിൽ ഭരമേല്പിച്ചു.

*(തഫ്സീർ കബീർ, ഭാഗം: 9 പേജ് 163,164, പുതിയ എഡിഷൻ)*

തൗഹീദിന്റെ കാര്യത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഉണ്ടായിരുന്ന ആത്മാഭിമാനബോധത്തിന്റെ ഒരു സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് സാഹിബ്സാദാ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു:

മുൻഷി സഫർ അഹ്മദ് സാഹിബ് കപൂർത്തൽവി രേഖാമൂലം തന്ന നിവേദനം: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തലകറക്കം എന്ന അസുഖം ഉണ്ടായിരുന്നു. തലചുറ്റലിന്റെ ബുദ്ധിമുട്ട് ഉണ്ടായിരുന്നു.

ഒരു വൈദ്യനെക്കുറിച്ച് ഇതിൽ പ്രത്യേക പ്രാവീണ്യം ഉള്ളയാളാണെന്ന് കേൾക്കാനിടയായി, അതായത് തലകറക്കത്തിന്റെ ബുദ്ധിമുട്ട് ചികിത്സിക്കുന്നതിൽ വലിയ വിദഗ്ദ്ധനാണ്, അങ്ങനെ അയാളെ യാത്രാക്കൂലി കൊടുത്തയച്ച്, വളരെ ദൂരെ നിന്ന് വിളിച്ചുവരുത്തി,

അയാൾ ഹുസൂർ(അ)നെ പരിശോധിക്കുകയും **രണ്ടു ദിവസത്തിനകം ഞാൻ താങ്കൾക്ക് രോഗശമനം നൽകും** എന്ന് പറയുകയും ചെയ്തു.

ഇതത്ര വലിയ കാര്യമൊന്നുമില്ല. രണ്ടു ദിവസത്തിനകം ഞാൻ താങ്കളെ സുഖപ്പെടുത്തും.

ഇത് കേട്ട് ഹദ്റത്ത് സാഹിബ്(അ) അകത്തേക്ക് പോവുകയും ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്(റ)ന് ഒരു കുറിപ്പെഴുതുകയും ചെയ്തു: ഈ വ്യക്തിയിൽ നിന്ന് ഞാൻ ഒരിക്കലും ചികിത്സ തേടാൻ ആഗ്രഹിക്കുന്നില്ല. ഇയാൾ എന്താണ് ഈ ദൈവികമായ അവകാശവാദം ഉന്നയിക്കുന്നത്. അയാൾക്ക് മടക്കയാത്രയ്ക്കുള്ള പണവും കൂടാതെ ഇരുപത്തിയഞ്ചോളം രൂപയും കൊടുത്തയച്ചുകൊണ്ട് പറഞ്ഞു, ഇത് നൽകി അയാളെ പറഞ്ഞയക്കുക. അങ്ങനെ തന്നെ ചെയ്തു. *(സീറത്തുൽ മഹ്ദി ഭാഗം: 2 പേജ് 38, രിവായത്ത് നമ്പർ 1038)*

ഇതേപ്രകാരം ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചരിത്രം വിവരിച്ചുകൊണ്ട് എഴുതുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നുണ്ടായിരുന്നു:

**അല്ലാഹുവിന്റെ മഹത്വത്തിനും പ്രതാപത്തിനും വേണ്ടി ആവേശം വെച്ചുപുലർത്തുന്നവരെ അല്ലാഹു സ്നേഹിക്കുന്നു. അങ്ങനെയുള്ള ആളുകൾ ഒരു നേരിയ വഴിയിലൂടെയാണ് സഞ്ചരിക്കുന്നത്, എല്ലാ ആളുകൾക്കും അവരുടെ കൂടെ നടക്കാൻ കഴിയില്ല. അല്ലാഹുവിനുവേണ്ടിയുള്ള ആവേശം ഉണ്ടാകാത്തിടത്തോളം കാലം മനുഷ്യന് യാതൊരു ആനന്ദവും നേടാനാകില്ല.**

**മനുഷ്യന്റെ ഹൃദയത്തിൽ അല്ലാഹുവിനോടുള്ള വ്യക്തിപരമായ ആവേശം ഉണ്ടാകാതിരിക്കുകയും, തന്റെ ദേഹേച്ഛകളുടെ കലർപ്പിൽ നിന്നും ലൗകിക നേട്ടങ്ങളെയും ലാഭങ്ങളെയും കുറിച്ചുള്ള ചിന്തകളിൽ നിന്നും മനുഷ്യൻ മുക്തനാകാതിരിക്കുകയും ചെയ്യുന്നതുവരെ അവന്റെ യാതൊരു ഇബാദത്തും സദഖയും സ്വീകാര്യയോഗ്യമാകുകയില്ല.**

വളരെ പ്രധാനപ്പെട്ട കാര്യമാണിത്. തന്റെ ദേഹേച്ഛകളുടെ കലർപ്പിൽ നിന്നും ലൗകിക നേട്ടങ്ങളെയും ലാഭങ്ങളെയും കുറിച്ചുള്ള ചിന്തകളിൽ നിന്നും മനുഷ്യൻ മുക്തനാകാത്തിടത്തോളം കാലം അവന്റെ യാതൊരു ഇബാദത്തും സദഖയും സ്വീകരിക്കപ്പെടുന്നില്ല.

**അല്ലാഹുവിനുവേണ്ടി ആവേശം വെച്ചുപുലർത്തുന്ന ഏതൊരാളും തന്റെ സഹജീവികളെക്കാൾ ഉന്നതനായിത്തീരുന്നു. അങ്ങനെയുള്ള ആളുകൾക്ക് അല്ലാഹുവിൽ നിന്ന് അനുഗ്രഹങ്ങൾ ലഭിക്കുന്നു.** *(ദിക്റെ ഹബീബ്, പേജ് 182)*

അതിനാൽ, **പ്രാർത്ഥന സ്വീകരിക്കപ്പെടുന്നതിന് തൗഹീദിൽ പൂർണ്ണമായ ഉറപ്പും വിശ്വാസവും ഉണ്ടായിരിക്കേണ്ടതും, അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിനായുള്ള പ്രാർത്ഥനയ്ക്ക് ഒന്നാം സ്ഥാനം നൽകേണ്ടതും അനിവാര്യമാണ്.**

ഞങ്ങൾ ഒരുപാട് പ്രാർത്ഥിച്ചു, ഞങ്ങൾ അതു ചെയ്തു, ഇതു ചെയ്തു, നഫിൽ നമസ്കാരങ്ങൾ നിർവ്വഹിച്ചു, സദഖകൾ നൽകി, എന്നിട്ടും ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടില്ല എന്ന് എഴുതുന്ന ആളുകൾ ഈ കാര്യത്തെക്കുറിച്ച് അല്പം ചിന്തിക്കേണ്ടതുണ്ട്. ഈ നിർദ്ദേശമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുള്ളത്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചരിത്രം വിവരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു:

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ സ്നേഹത്തെ അല്ലാഹുവും അവന്റെ അപാരമായ കാരുണ്യത്തിനും അവന്റെ സമാനതകളില്ലാത്ത അംഗീകാരത്തിനും തികച്ചും അനുയോജ്യമായ വളരെയേറെ വിലമതിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു:

اَنْتَ مِنِّیْ بِمَنْزِلَةِ تَوْحِیْدِیْ وَتَفْرِیْدِیْ۔ اَنْتَ
مِنِّیْ بِمَنْزِلَةِ وَلَدِیْ۔ اِنِّیْ مَعَکَ یَابْنَ رَسُوْلِ اللّٰہِ

അതായത്, ഈ കാലഘട്ടത്തിൽ നീ എന്റെ തൗഹീദിന്റെ ധ്വജവാഹകനാകുന്നു, നഷ്ടപ്പെട്ടുപോയ തൗഹീദിന്റെ നിധിയെ ലോകത്ത് വീണ്ടും സ്ഥാപിക്കുന്നതുകൊണ്ട് അല്ലയോ മുഹമ്മദീ മസീഹ്! നീ എനിക്ക് എന്റെ തൗഹീദും തഫ്രീദും എനിക്ക് പ്രിയപ്പെട്ടതുപോലെ തന്നെ പ്രിയപ്പെട്ടവനാകുന്നു.

ക്രിസ്ത്യാനികൾ കള്ളവും കെട്ടുകഥയുമുണ്ടാക്കി തങ്ങളുടെ മസീഹിനെ ദൈവത്തിന്റെ യഥാർത്ഥ പുത്രനാക്കി മാറ്റിയിരിക്കുന്നതിനാൽ, ഒരു സന്താനത്തിന് ലഭിക്കുന്ന അതേ അവകാശത്തോടെയുള്ള സ്നേഹം നിന്നോട് കാണിക്കണമെന്ന് എന്റെ അഭിമാനബോധം ആവശ്യപ്പെട്ടു. മുഹമ്മദ് റസൂലുല്ലാഹി(സ)യുടെ ശിഷ്യന്മാർക്ക് പോലും അത്ഫാലുല്ലാഹ് എന്ന സ്ഥാനത്ത (അല്ലാഹുവിന്റെ സന്താനങ്ങൾ എന്ന ആലങ്കാരിക പദവിയിൽ)' എത്തിച്ചേരാൻ കഴിയുമെന്ന് ലോകത്തിന് വ്യക്തമാക്കിക്കൊടുക്കാൻ വേണ്ടിയാണിത്. കൂടാതെ, നീ എന്റെ പ്രിയപ്പെട്ട മുഹമ്മദ് മുസ്തഫാ(സ)യുടെ ദീനിന്റെ സേവനത്തിൽ രാവും പകലും മുഴുകിയിരിക്കുന്നവനും തിരുനബി(സ)യോടുള്ള സ്നേഹത്തിൽ ലയിച്ചവനുമായതിനാൽ, എന്റെ ഈ പ്രിയപ്പെട്ടവന്റെ ആത്മീയ സന്താനം എന്ന നിലയിൽ എന്റെ അനശ്വരമായ സ്നേഹവും എന്റെ ശാശ്വതമായ സാമീപ്യവും എന്ന ബഹുമതി നൽകി ഞാൻ നിന്നെ ആദരിക്കുന്നു.

*(സീറത്തെ ത്വയ്യിബ, പേജ് 13,14)*

ഇതാണ് ഞാൻ ഇപ്പോൾ വായിച്ച, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ലഭിച്ച ഇൽഹാമിന്റെ അർത്ഥം.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചരിത്ര വിവരണത്തിൽ തന്നെ മിർസാ ബശീർ അഹ്മദ് സാഹിബ് ഒരിടത്ത് എഴുതുന്നു:

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗത്തിന്റെ സുപ്രധാനമായ ലക്ഷ്യം ഇസ്‌ലാമിന്റെ സേവനവും തൗഹീദ് സ്ഥാപിക്കലും ആയിരുന്നു. കൂടാതെ ഈ കാലഘട്ടത്തിൽ യഥാർത്ഥ തൗഹീദിന് ഏറ്റവും കൂടുതൽ ഏറ്റുമുട്ടേണ്ടി വരുന്നത് ക്രിസ്തുമതത്തോടാണ്.

അക്കാലത്ത് അങ്ങനെയായിരുന്നു. ഇന്നും ചില പ്രദേശങ്ങളിൽ അങ്ങനെയുണ്ട്.

അത് തൗഹീദിന്റെ മറവിൽ അപകടകരമായ ശിർക്കിനെ പഠിപ്പിക്കുകയും, ഹദ്റത്ത് മസീഹ് നാസരിയെ (നഊദുബില്ലാഹ്) ദൈവപുത്രനാക്കിക്കൊണ്ട് അല്ലാഹുവിന്റെ ഏകത്വത്തിന്റെ സ്ഥാനത്ത് ഇരുത്തുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ക്രിസ്തുമതത്തിനെതിരെ വലിയ ആവേശമുണ്ടായിരുന്നത്. മാത്രമല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മസീഹ് എന്ന പദവിയുടെ വലിയൊരു ദൗത്യമായി ഹദീസുകളിൽ വിവരിച്ചിട്ടുള്ളതും ***കസ്റെ സ്വലീബ്*** (കുരിശുടക്കുക) എന്നത് തന്നെയാണ്. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് ഈസാ(അ)ന്റെ മരണത്തിന് വളരെയധികം ഊന്നൽ നൽകുമായിരുന്നു. കാരണം, ഈയൊരു കാര്യം തെളിയിക്കപ്പെടുന്നതിലൂടെ മാത്രമാണ് ക്രിസ്തുമതത്തിന്റെ അടിത്തറ തകരുന്നത്. അതായത് മസീഹിന്റെ മരണം തെളിയിക്കപ്പെടുന്നതിന്റെ ഫലമായി മസീഹിന്റെ ദൈവത്വം നിലനിൽക്കുന്നില്ല, ത്രിത്വത്തിന്റെ പേരോ അടയാളമോ അവശേഷിക്കുന്നില്ല. പാപപരിഹാര സിദ്ധാന്തം അതിന്റെ ദുർബലമായ കാലുകളിൽ നിന്നുപോവുകയുമില്ല.

മസീഹ് നാസരിയുടെ മരണം എന്ന വിശ്വാസം സ്വാഭാവികമായും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വന്തം സത്യസാക്ഷ്യം തെളിയിക്കുന്നതിനുള്ള ഒരു ആദ്യപടി കൂടിയാണെന്നതിൽ സംശയമില്ല. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിന് കൂടുതൽ ഊന്നൽ നൽകിയിരുന്നതിന്റെ യഥാർത്ഥ കാരണം നിലവിലുള്ള ക്രിസ്തുമതത്തെ ഖണ്ഡിക്കുക എന്നതു തന്നെയായിരുന്നു.

ഖണ്ഡനം എന്നത് ഒരു ഹിന്ദി വാക്കാണ്, ഇതിനർത്ഥം റദ്ദാക്കുക എന്നാണ്.

• ഹദീഥുന്നബ്വി ﷺ •

"അക്‌രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്വി ﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

അതിനാൽ അദ്ദേഹം പലപ്പോഴും പറയുമായിരുന്നു: നിങ്ങൾ മസീഹിനെ മരിക്കാൻ അനുവദിക്കുക, കാരണം അതിലാണ് ഇസ്‌ലാമിന്റെ ജീവനുള്ളത്.

**ഹാ കഷ്ടം! നമ്മുടെ മറ്റു മുസ്‌ലിം സഹോദരങ്ങൾ ഈ ആശയം മനസ്സിലാക്കി കുറഞ്ഞപക്ഷം ക്രിസ്തുമതത്തിന് എതിരെയെങ്കിലും ഞങ്ങളോട് യോജിക്കുന്നവരായിരുന്നെങ്കിൽ എത്ര നന്നായേനെ!** ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദം വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യുക എന്നത് മറ്റൊരു കാര്യമാണ്.

എന്നാൽ കുറഞ്ഞപക്ഷം **ഇസ്‌ലാമിന്റെ ശ്രേഷ്ഠത തെളിയിക്കപ്പെടുന്ന ഈ കാര്യത്തിലെങ്കിലും അവർ അത് അംഗീകരിച്ചിരുന്നെങ്കിൽ!**

കിസ്തുമതത്തിന്റെ തെറ്റായ വിശ്വാസങ്ങളും ഈ കാലഘട്ടത്തിൽ ആ വിശ്വാസങ്ങൾ ലോകമെമ്പാടും വ്യാപിക്കുന്നതും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഹൃദയത്തിൽ എത്രമാത്രം ഭാരം സൃഷ്ടിച്ചിരുന്നുവെന്നാൽ, ഒരിടത്ത് വേദനയോടും വ്യഥയോടും കൂടി അസ്വസ്ഥനായി വളരെ ഗാംഭീര്യത്തോടെ അദ്ദേഹം പറയുന്നു:

നമ്മളും ക്രിസ്ത്യാനികളും തമ്മിൽ എങ്ങനെയെങ്കിലും ഒരു തീരുമാനമാകണം എന്ന ചിന്തയിലാണ് ഞാൻ ഓരോ നിമിഷവുമുള്ളത്. മൃതദേഹാരാധന ഉണ്ടാക്കിയ കുഴപ്പം കാരണം എന്റെ ഹൃദയം രക്തം വാർക്കുന്നു, എന്റെ ജീവൻ വല്ലാത്തൊരു ഞെരുക്കത്തിലാണ്. ദുർബലനായ ഒരു മനുഷ്യനെ ദൈവമാക്കുകയും ഒരു പിടി മണ്ണിനെ റബ്ബുൽ ആലമീനായി (ലോകരക്ഷിതാവായി) കണക്കാക്കുകയും ചെയ്തിരിക്കുന്നു എന്നതിനേക്കാൾ വലിയൊരു ഹൃദയവേദനയുടെ കാര്യം മറ്റെന്താണുള്ളത്? അവസാനം തൗഹീദിനായിരിക്കും വിജയം എന്ന് എന്റെ നാഥനും, കഴിവുറ്റവനും സർവ്വശക്തനുമായ എന്റെ അല്ലാഹു എനിക്ക് ആശ്വാസം നൽകിയില്ലായിരുന്നെങ്കിൽ, ഈ ദു:ഖത്താൽ ഞാൻ എന്നേ നശിച്ചുപോകുമായിരുന്നു.!

*(സീറത്തെ ത്വയ്യിബ, പേജ് 106 മുതൽ 108 വരെ)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

അല്ലാഹു ഈ കാര്യം അറിയുന്നുണ്ട്, കൂടാതെ അവൻ എല്ലാ കാര്യങ്ങൾക്കും ഏറ്റവും വലിയ സാക്ഷിയുമാണ്; അവന്റെ മാർഗ്ഗത്തിൽ എനിക്ക് ഏറ്റവും ആദ്യമായി നൽകപ്പെട്ടത് ഖൽബെ സലീം (ഋജുമാനസം) ആയിരുന്നു. അതായത്, അല്ലാഹുവുമായിട്ടല്ലാതെ മറ്റൊന്നുമായും യഥാർത്ഥ ബന്ധമില്ലാത്ത ഒരു ഹൃദയം. ഒരു കാലത്ത് ഞാൻ യുവാവായിരുന്നു, ഇപ്പോൾ വൃദ്ധനായിരിക്കുന്നു, എന്നാൽ എന്റെ ആയുസ്സിന്റെ ഒരു ഘട്ടത്തിലും അല്ലാഹുവുമായിട്ടല്ലാതെ മറ്റാരുമായും എന്റെ യഥാർത്ഥ ബന്ധം ഞാൻ കണ്ടെത്തിയിട്ടില്ല... സ്നേഹത്തിന്റെ ഈ തീവ്രത കാരണം, അല്ലാഹുവിന്റെ മഹത്വത്തിനും ഏകത്വത്തിനും വിരുദ്ധമായതോ ഏതെങ്കിലും തരത്തിലുള്ള നിന്ദയോ ഉൾക്കൊള്ളുന്ന വിശ്വാസങ്ങളുള്ള ഒരു മതത്തോടും ഞാൻ ഒരിക്കലും യോജിച്ചിട്ടില്ല. ക്രിസ്തുമതം എനിക്ക് ഇഷ്ടപ്പെടാതിരിക്കാനുള്ള കാരണവും ഇതുതന്നെയാണ്; കാരണം അതിന്റെ ഓരോ ചുവടുവെപ്പിലും അല്ലാഹുവിനോടുള്ള നിന്ദയുണ്ട്. സ്വന്തം ശരീരത്തെപ്പോലും സഹായിക്കാൻ കഴിയാതിരുന്ന ദുർബലനായ ഒരു മനുഷ്യനെ ദൈവമായി കണക്കാക്കിയിരിക്കുന്നു.

*(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനി ഖസായിൻ ഭാഗം: 22, പേജ് 59,60)*

ഹദ്റത്ത് മുഫ്തി ഫസലുർ റഹ്മാൻ സാഹിബ്(റ) മുഹാജിർ പറയുന്നു:

എന്റെ വീട്ടിൽ ഒന്നിനുപുറകെ ഒന്നായി രണ്ട് പെൺകുട്ടികൾ ജനിച്ചു. *ഒന്നിനുശേഷം മറ്റൊന്നായി രണ്ട് പെൺമക്കൾ ജനിച്ചു.*

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അദ്ദേഹം വിവരിക്കുമ്പോൾ പറയുകയാണ്, അവർ ഇന്നുവരെ ജീവിച്ചിരിപ്പുണ്ട്. അതിനുശേഷം ഒരു ആൺകുട്ടി ജനിച്ചു, അവന് സംസാരിക്കാനോ കേൾക്കാനോ കഴിയുമായിരുന്നില്ല. ആദ്യത്തെ ആൺകുട്ടി സാധാരണയായി രോഗിയായിരിക്കുമായിരുന്നു. രണ്ടാമത്തെ ആൺകുട്ടി മിടുക്കനും ആരോഗ്യവാനുമായിരുന്നു.

ആദ്യം പറഞ്ഞില്ലേ, അതിനുശേഷം ജനിച്ചവൻ രോഗിയായിരിക്കുമായിരുന്നു. സംസാരിക്കാനോ കേൾക്കാനോ കഴിയില്ലായിരുന്നു. പിന്നീട് രണ്ടാമത്തെ ആൺകുട്ടി ജനിച്ചു, അവൻ ആരോഗ്യവാനായിരുന്നു.

അവന്റെ ശീലങ്ങളും രൂപവും എത്രത്തോളം മനംമയക്കുന്നതായിരുന്നുവെന്നാൽ, വളരെ ചെറിയ പ്രായത്തിൽ തന്നെ അവൻ വീട്ടിലെ എല്ലാ ജോലികളും ചെയ്യുമായിരുന്നു, ചെറിയൊരു ആംഗ്യത്തിൽ നിന്ന് തന്നെ കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തിരുന്നു.

പറയുന്നു, അവൻ വളരെ മിടുക്കനായ കുട്ടിയായിരുന്നു. വളരെ ബുദ്ധിമാനായിരുന്നു.

ഇക്കാരണങ്ങളാൽ തന്നെ എനിക്ക് അവനോട് വല്ലാത്ത സ്നേഹമായി മാറി. ആദ്യത്തെ കുട്ടി നാലു വയസ്സായപ്പോൾ മരണപ്പെട്ടു, രോഗിയായിരുന്ന കുട്ടി നാലു വയസ്സായപ്പോൾ മരണപ്പെട്ടു.

രണ്ടാമത്തേതും, ഈ ബുദ്ധിമാനായ കുട്ടി, നാലര വയസ്സായപ്പോൾ അവന് ടൈഫോയ്ഡ് പിടിപെട്ടു. ഞാൻ ഒരുപാട് ചികിത്സകൾ നൽകി, പക്ഷേ രോഗശമനത്തിന്റെ യാതൊരു ലക്ഷണവും കണ്ടില്ല. അവന്റെ രോഗത്തിന് പതിനഞ്ചു ദിവസം പിന്നിട്ടപ്പോൾ അവന് മെനിഞ്ചൈറ്റിസ് (Meningitis) ആയി, അതായത് മെനിഞ്ചൈറ്റിസ് പോലെയുള്ള ഒരു രോഗമാണ്, അതിൽ തലച്ചോറിലെ ആവരണങ്ങൾക്ക് വീക്കം സംഭവിക്കുന്നു, ഈ രോഗം പിടിപെട്ടു.

**പ്രാർത്ഥനയ്ക്കായി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു കത്തെഴുതി. ഇതെന്റെ വളരെ പ്രിയപ്പെട്ട മകനാണ്. അവൻ രക്ഷപ്പെടാൻ വേണ്ടി പ്രാർത്ഥിക്കണം. അതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) നൽകിയ മറുപടി ഇതായിരുന്നു: ഇൻഷാ അല്ലാഹ് ഞാൻ പ്രാർത്ഥിക്കാം, എന്നാൽ അതൊരു അലംഘനീയമായ വിധിയാണെങ്കിൽ അത് മാറുകയില്ല. എന്നും കൂടി എഴുതിയിരുന്നു.**

ഇതുവായിച്ചപ്പോൾ ഈ കുട്ടി രക്ഷപ്പെടില്ല എന്ന് എനിക്ക് ഉറപ്പായി.

'അങ്ങനെ അതിന്റെ നാലാം ദിവസം അവന്റെ അവസ്ഥ വളരെ മോശമായി, അന്നേദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഗുരുദാസ്പൂരിലെ തിയ്യതിക്കായി (കോടതി ആവശ്യത്തിനായി) പോകുന്ന ദിവസമായിരുന്നു. ഞാൻ എല്ലാ തിയ്യതിക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൂടെ പോകാറുണ്ടായിരുന്നതിനാൽ, (പതിവുപോലെ)പോകാനായി ഞാനും ഹാജരായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) വീട്ടിൽ നിന്നും വന്നപ്പോൾ ആദ്യം എന്നെ അഭിസംബോധന ചെയ്തുകൊണ്ട് ചോദിച്ചു, നിങ്ങളുടെ കുട്ടിയുടെ അവസ്ഥ എന്താണ്? ഞാൻ പറഞ്ഞു: ഹുസൂർ വന്ന് നോക്കിയാലും! വീട് തൊട്ടടുത്ത് തന്നെയാണ്. വളരെ മോശം അവസ്ഥയിലാണ്, വന്ന് നോക്കിയാലും!

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീട്ടിൽ വന്ന് കുട്ടിയെ കണ്ടപ്പോൾ പറഞ്ഞു: അവൻ വളരെ അവശനാണ്, ഇന്ന് നിങ്ങൾ ഗുരുദാസ്പൂരിലേക്ക് പോവേണ്ട. ഇന്ന് നിങ്ങൾ ഞങ്ങളുടെ കൂടെ വരേണ്ടതില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) യാത്ര പുറപ്പെടുകയും ചെയ്തു.

പിറ്റേദിവസം നാലു മണിയോടെ കുട്ടി മരണപ്പെട്ടു. അതിന്റെ പിറ്റേന്ന് പത്തുമണിക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഗുരുദാസ്പൂരിൽ നിന്നും തിരിച്ചെത്തി. ഇതുകേട്ടപ്പോൾ ഹസ്തദാനം ചെയ്യാനായി ഞാനും മുന്നോട്ട് ചെന്നു. എന്റെ കൈകളിൽ ആ ആൺകുട്ടിയുടെ ഇളയ പെൺകുട്ടിയുണ്ടായിരുന്നു. എന്നെ കണ്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: നിങ്ങളുടെ കുട്ടി മരണപ്പെട്ടതിൽ എനിക്ക് വലിയ സങ്കടമുണ്ട്, എന്നാൽ അവനോടുള്ള നിങ്ങളുടെ സ്നേഹം ശിർക്കിന്റെ പരിധിയിൽ എത്തിയിട്ടുണ്ടെന്നായിരുന്നു എന്റെ ചിന്ത. അതുകൊണ്ട് അവൻ ജീവിച്ചിരിക്കുക എന്നത് അസാധ്യമായി തോന്നിയിരുന്നു. ഏതായിരുന്നാലും നിങ്ങളുടെ കുട്ടിക്കു വേണ്ടി ഞാൻ ഒരുപാട് പ്രാർത്ഥിച്ചിട്ടുണ്ടായിരുന്നു. അല്ലാഹു നിങ്ങൾക്ക് ഇതിന് പകരം നല്ലൊരു കുഞ്ഞിനെ നൽകും, അവൻ കേൾക്കുന്നവനും സംസാരിക്കുന്നവനുമായിരിക്കും.

പുതിയൊരു കുട്ടിയെ നൽകും, അവൻ കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്നവനായിരിക്കും. ശരിയായ വിധത്തിൽ ആരോഗ്യവാനായിരിക്കും.

...അങ്ങനെ അതിനുശേഷം ഫസൽ കരീം ജനിച്ചു. *അദ്ദേഹത്തിന്റെ ഒരു മകന്റെ പേര് ഫസൽ കരീം എന്നായിരുന്നു.* പിന്നീട് അബ്ദുൽ ഹഫീസും. അതിനുശേഷം രണ്ട് തവണ ഗർഭം അലസിപ്പോയി. രണ്ടും ആൺകുട്ടികളായിരുന്നു. അവ അലസിപ്പോയി, എങ്കിലും രണ്ട് കുട്ടികൾ ജീവനോടെ ജനിച്ചല്ലോ. അതിനുശേഷം, അദ്ദേഹം പറയുന്നു, മറ്റൊരു മകൻ ജനിച്ചു, മുഹമ്മദ് അബ്ദുല്ലാഹ്. അതിനുശേഷം അബ്ദുൽ കരീം ജനിച്ചു, പിന്നീട് അഹ്മദ് ജനിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ അഞ്ചുകുട്ടികളും അതിനുശേഷമാണ് ജനിച്ചത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാവരും ജീവിച്ചിരിപ്പുണ്ട്.

ദീർഘായുസ്സ് ലഭിച്ചവരായിരുന്നു. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ സ്വഹാബികൾക്കും(റ) എപ്പോഴും തൗഹീദിന്റെ പാഠം നൽകുകയും പിന്നീട് അവരെ ആശ്വസിപ്പിക്കാനായി പ്രാർത്ഥിക്കുകയും ചെയ്തു, അല്ലാഹു അത് സ്വീകരിക്കുകയും അവർക്ക് അഞ്ച് ആൺമക്കളെ നൽകി അനുഗ്രഹിക്കുകയും ചെയ്തു.

*(സീറത്തെ അഹ്മദ്, പേജ് 168...170)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ലോകത്തിന്റെ വിവിധ ജനസമൂഹങ്ങളിൽ നിവസിക്കുന്ന സൽപ്രകൃതക്കാരായ ആളുകൾ അവർ ഏഷ്യയിലായാലും യൂറോപ്പിലായാലും അവരെയെല്ലാം തൗഹീദിലേക്ക് (ദൈവത്തിന്റെ ഏകത്വത്തിലേക്ക്) ആകർഷിക്കുകയും തന്റെ ദാസന്മാരെ ഏകമതത്തിൽ ഒരുമിച്ചു കൂട്ടുകയുമെന്നതാണ് അല്ലാഹു ഇച്ഛിക്കുന്നത്.

ഈ ഉദ്ദേശ്യത്തിനുവേണ്ടിയാണ് ഞാൻ ഭൂതലത്തിൽ അയക്കപ്പെട്ടിരിക്കുന്നത്. അതിനാൽ സൗമ്യ

**• ഹദീഥുന്നബവ്വി ﷺ •**

**“തഅല്ലമുൽയഖീന.”**

**ദൃഢജ്ഞാനം ആർജിക്കുവിൻ.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

തയിലും സൽസ്വഭാവത്തിലും പ്രാർത്ഥനയിലും ഊന്നിക്കൊണ്ട് നിങ്ങൾ ഈ ഉദ്ദേശ്യത്തെ പിൻപറ്റുക.

*(അൽവസിയ്യത്ത്, റൂഹാനി ഖസായിൻ, ഭാഗം: 20, പേജ് 306,307)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'എന്റെ മുഴുവൻ സന്തോഷവും ലോകത്ത് അല്ലാഹുവിന്റെ തൗഹീദും തിരുനബി(സ)യുടെ ആദരവും സ്ഥാപിക്കപ്പെടുക എന്നതിൽ മാത്രമാണ്, ഇതുതന്നെയാണ് എന്റെ നിയോഗത്തിന്റെ യഥാർത്ഥ ലക്ഷ്യവും. *(മൽഫൂസാത്ത് ഭാഗം: 3 പേജ് 85, 2022 എഡിഷൻ)*

ഹദ്റത്ത് പീർ ഇഫ്തിഖാർ അഹ്മദ് സാഹിബ്(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചരിത്രം വിവരിച്ചുകൊണ്ട് പറയുന്നു:

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് പീരാൻ ദിത്ത എന്ന പേരുള്ള ഒരു സേവകൻ ഉണ്ടായിരുന്നു.

അദ്ദേഹം പറയുന്നു, ഞങ്ങളെല്ലാവരും അദ്ദേഹത്തെ ആ പേരിൽ അതായത് പീരാൻ ദിത്ത എന്ന് തന്നെയായിരുന്നു വിളിച്ചിരുന്നത്.

എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിളിക്കുമ്പോൾ പീരീ ദിത്ത എന്ന് പറയുമായിരുന്നു. പീരീ ദിത്ത, പീരാൻ ദിത്ത എന്നല്ല, മറിച്ച് പീരീ ദിത്ത എന്ന്. അതായത്, എന്റെ പീർ ആയ അല്ലാഹു നൽകിയ ദാനം എന്ന് അർഥം.

ഇതാണ് ആ തൗഹീദ്, ഇതിനെക്കുറിച്ച് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറയുന്നു:

خُذُوا التَّوْحِيْدَ التَّوْحِيْدَ يَا اَبْنَاءَ الْفَارِسِ

**അല്ലയോ പേർഷ്യൻ സന്തതികളേ! തൗഹീദിനെ മുറുകെ പിടിക്കുക. തൗഹീദിനെ മുറുകെ പിടിക്കുക.**

*(ഇഫ്തിഖാറുൽ ഹഖ് അഥവാ ഇൻആമാത്തെ ഖുദാവന്ദി, പേജ് 229)*

അതിനാൽ, സ്വന്തം നിലനിൽപ്പിനും ആന്തരിക പുരോഗതിക്കും വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തലമുറയും ഓരോ അനുയായിയും ഈ ഇൽഹാം മുന്നിൽ കാണേണ്ടതുണ്ട്.

ബൈഅത്തിൽ പ്രവേശിക്കുന്ന ഓരോരുത്തരും ഇത് അവലംബിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബൈഅത്തിൽ വന്നതോടെ എല്ലാവരും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ **അബ്നാഇൽ** (സന്തതികളിൽ) ഉൾപ്പെട്ടിരിക്കുന്നു, മക്കളിൽ ഉൾപ്പെട്ടിരിക്കുന്നു, തലമുറയിൽ ഉൾപ്പെട്ടിരിക്കുന്നു. **തൗഹീദിനെ മുറുകെ പിടിക്കുകയാണെങ്കിൽ ദീനിലും ദുനിയാവിലും ആദരം ലഭിക്കും, അല്ലാത്തപക്ഷം രക്തബന്ധമോ കേവലം ബൈഅത്ത് ചെയ്തതുകൊണ്ടോ യാതൊരു പ്രയോജനവും ലഭിക്കില്ല.**

ഹാഫിസ് മുഹമ്മദ് ഇബ്രാഹിം സാഹിബ്(റ) പറയുന്നു:

ആദ്യമായി ഞാനും ഹക്കീം അബ്ദുൽ അസീസ് സാഹിബും ഹക്കീം അത്വാ മുഹമ്മദ് സാഹിബും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ ഹാജരായപ്പോൾ, ആ ദിവസങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) ഗുരുദാസ്പൂരിലായിരുന്നു ഉണ്ടായിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) മുറിയിൽ നിന്ന് പുറത്തേക്ക് വന്നപ്പോൾ ഞങ്ങൾ മൂന്നുപേരും വാതിൽക്കൽ നിൽക്കുകയായിരുന്നു. ഞാനും ഹക്കീം അബ്ദുൽ അസീസ് സാഹിബും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് സലാം പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്ഹസ്തദാനം ചെയ്തു. എന്നാൽ സഹോദരൻ അത്വാ മുഹമ്മദ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാൽക്കൽ വീണു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന്റെ കൈകളിൽ പിടിച്ച് എഴുന്നേൽപ്പിച്ചുകൊണ്ട് പറഞ്ഞു:

**ഈ കാലഘട്ടത്തിൽ ഈ ശിർക്കിനെ ഇല്ലാതാക്കാൻ വേണ്ടിത്തന്നെയാണ് അല്ലാഹു എന്നെ നിയോഗിച്ചിട്ടുള്ളത്. പാദങ്ങൾ ചുംബിക്കുന്നത് ശിർക്കാണ്.**

ശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിനും ഹസ്തദാനം നൽകി. *(രിവായാത്തെ അസ്ഹാബെ അഹ്മദ് ഭാഗം: 2, പേജ് 172)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു:

ഖാസി മുഹമ്മദ് യൂസുഫ് സാഹിബ് പിശാവരി കത്തിലൂടെ എന്നെ അറിയിച്ചത്: ഞാൻ ആദ്യമായി ഖാദിയാനിൽ പോയ സമയത്ത്, ഒരാൾ തന്റെ മകനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മുന്നിൽ കൂടിക്കാഴ്ചയ്ക്കായി കൊണ്ടുവന്നു. ആ കുട്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)മായി ഹസ്തദാനത്തിന് മുന്നോട്ട് വന്ന സമയത്ത്, ആദരവ് പ്രകടിപ്പിക്കുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാദങ്ങളിൽ തൊടാൻ തുടങ്ങി. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ തിരുകരങ്ങൾ കൊണ്ട് അങ്ങനെ ചെയ്യുന്നതിൽ നിന്ന് അവനെ തടഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുഖം ചുവന്നുതുടുക്കുന്നതും, വളരെ ആവേശത്തോടെ പറയുന്നതും ഞാൻ കണ്ടു:

**പ്രവാചകന്മാർ ലോകത്ത് വരുന്നത് ശിർക്കിനെ ഇല്ലാതാക്കാനാണ്, നമ്മുടെ ദൗത്യവും ശിർക്കിനെ ഇല്ലാതാക്കുക എന്നതാണ്, അല്ലാതെ ശിർക്ക് സ്ഥാപിക്കുക എന്നതല്ല.**

*(സീറത്തുൽ മഹ്ദി ഭാഗം: 1, പേജ് 295 രിവായത്ത് നമ്പർ 319)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

**ആരെങ്കിലും എന്റെ ഫോട്ടോ എടുക്കുന്നതിന് ഞാൻ കടുത്ത എതിർപ്പുള്ളവനാണ്.**

ഫോട്ടോകളെക്കുറിച്ചുള്ള കാര്യവും ഇവിടെ വ്യക്തമാക്കപ്പെടുന്നുണ്ട്. പലരും തെറ്റായ രീതിയിൽ തങ്ങളുടെയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും അതുപോലെ സ്വന്തം ബന്ധുമിത്രാദികളുടെയും ഫോട്ടോകൾ സൂക്ഷിക്കാറുണ്ട്, അതുകൊണ്ടാണ് ഞാൻ ഇത് വിശദീകരിക്കുന്നത്. പറയുന്നു:

ആരെങ്കിലും എന്റെ ഫോട്ടോ എടുക്കുകയും അത് വിഗ്രഹാരാധകരെപ്പോലെ തന്റെ പക്കൽ സൂക്ഷിക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നതിനോട് എനിക്ക് കടുത്ത എതിർപ്പാണുള്ളത്. ആരെങ്കിലും അങ്ങനെ ചെയ്യാൻ ഞാൻ ഒരിക്കലും കൽപ്പിച്ചിട്ടില്ല, വിഗ്രഹാരാധനയുടെയും ചിത്രങ്ങളോടുള്ള ആരാധനയുടെയും കാര്യത്തിൽ എന്നേക്കാൾ വലിയൊരു ശത്രു ഉണ്ടാകുകയുമില്ല. എന്നാൽ ഇക്കാലത്ത് യൂറോപ്പിലെ ആളുകൾ ഏതെങ്കിലും വ്യക്തിയുടെ രചനകൾ വായിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ആദ്യം അവർ അയാളുടെ ചിത്രം കാണാനാണ് ആഗ്രഹിക്കുന്നതെന്ന് ഞാൻ കണ്ടിട്ടുണ്ട്. കാരണം, യൂറോപ്യൻ രാജ്യങ്ങളിൽ മുഖലക്ഷണം നോക്കി കാര്യങ്ങൾ മനസ്സിലാക്കുന്ന വിദ്യ വളരെ പുരോഗമിച്ചിട്ടുണ്ട്, അവരുടെ കൂട്ടത്തിൽ മിക്കവർക്കും കേവലം ഒരു ചിത്രം കണ്ടുകൊണ്ടുതന്നെ തിരിച്ചറിയാൻ കഴിയും,

അവരുടെ കൂട്ടത്തിൽ മിക്കവർക്കും അതായത് ഭൂരിപക്ഷം ആളുകൾക്കും കേവലം ഒരു ചിത്രം കണ്ടുകൊണ്ടുതന്നെ ഇത്തരത്തിലുള്ള വാദമുന്നയിക്കുന്നയാൾ സത്യവാനാണോ അതോ കള്ളനാണോ എന്ന് തിരിച്ചറിയാൻ കഴിയും,

ആയിരക്കണക്കിന് നാഴികകൾ അകലെയായതിനാൽ ആ ആളുകൾക്ക് എന്റെ അടുത്തെത്താനോ എന്റെ മുഖം നേരിട്ട് കാണാനോ കഴിയില്ല. അതിനാൽ, ആ രാജ്യത്തെ മുഖലക്ഷണം വായിക്കുന്നവർ ചിത്രത്തിലൂടെ എന്റെ ആന്തരികാവസ്ഥകളെക്കുറിച്ച് മനസ്സിലാക്കുന്നു. യൂറോപ്പിൽ നിന്നും അമേരിക്കയിൽ നിന്നും എനിക്ക് കത്തുകൾ എഴുതിയ നിരവധി ആളുകളുണ്ട്,

കൂടാതെ തങ്ങളുടെ കത്തുകളിൽ അവർ ഇപ്രകാരം എഴുതിയിട്ടുമുണ്ട്: ഞങ്ങൾ താങ്കളുടെ ചിത്രം സൂക്ഷ്മമായി പരിശോധിച്ചു, ഈ ചിത്രം ആരുടേതാണോ അയാൾ കള്ളനാകാൻ വഴിയില്ല എന്ന് മുഖലക്ഷണ വിദ്യയിലൂടെ ഞങ്ങൾക്ക് അംഗീകരിക്കേണ്ടി വന്നിരിക്കുന്നു.

കൂടാതെ അമേരിക്കയിലെ ഒരു സ്ത്രീ എന്റെ ചിത്രം കണ്ട് പറയുകയുണ്ടായി. ഈ ചിത്രം കണ്ടിട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എഴുതി, 'ഇത് യേശുവിന്റെ, അതായത് ഈസാ(അ)ന്റെ ചിത്രമാകുന്നു.' അതിനാൽ, ഈയൊരു ആവശ്യത്തിനും ഈ പരിധിവരെയും ഈ രീതി തുടരുന്നതിൽ യുക്തിപരമായ നിലയിൽ ഞാൻ മൗനം ദീക്ഷിച്ചു.

ഇതുകൊണ്ടാണ് ഫോട്ടോ എടുക്കാൻ ഞാൻ അനുവാദം നൽകിയത്, അല്ലാത്തപക്ഷം ശിർക്ക് വ്യാപിക്കുകയാണെങ്കിൽ അത് തീർത്തും വിലക്കപ്പെട്ടതാണ്. അവിടുന്ന് പറയുന്നു:

وَاِنَّمَا الْاَعْمَالُ بِالنِّيَّاتِ

കർമ്മങ്ങളുടെ ഫലം ഉദ്ദേശ്യങ്ങളെ അടിസ്ഥാനമാക്കിയാണ്.

കൂടാതെ ചിത്രങ്ങൾക്ക് കർശനമായ നിരോധനമുണ്ട് എന്ന പക്ഷക്കാരനുമല്ല ഞാൻ.

**ഖുർആനിൽ നിന്ന് തെളിയുന്നത്, ജിന്നുകളുടെ വിഭാഗം ഹദ്റത്ത് സുലൈമാന് വേണ്ടി ചിത്രങ്ങൾ ഉണ്ടാക്കിയിരുന്നുവെന്നും ബനൂ ഇസ്രായേലുകാരുടെ പക്കൽ വളരെക്കാലം പ്രവാചകന്മാരുടെ ചിത്രങ്ങൾ ഉണ്ടായിരുന്നുവെന്നുമാണ്.**

ബനൂ ഇസ്രായേലുകാരുടെ പക്കൽ പ്രവാചകന്മാരുടെ ചിത്രങ്ങൾ ഉണ്ടാകുമായിരുന്നു.

അതിൽ തിരുനബി(സ)യുടെ ചിത്രവുമുണ്ടായിരുന്നു. കൂടാതെ തിരുനബി(സ)ക്ക് ഹദ്റത്ത് ആഇശ(റ)യുടെ ചിത്രം പട്ടുതുണിയിലായി ജിബ്രീൽ(അ) കാണിച്ചുകൊടുത്തിട്ടുണ്ട്. അതുപോലെ ചില കല്ലുകളിൽ മൃഗങ്ങളുടെ ചിത്രങ്ങൾ സ്വാഭാവികമായി തന്നെ വെള്ളത്തിൽ പതിയാറുണ്ട്.

ഭൂകമ്പങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ, പർവ്വതങ്ങളിൽ മൃഗങ്ങൾ കുടുങ്ങിപ്പോകുന്നിടത്ത് അവയുടെ ചിത്രങ്ങൾ പതിയാറുണ്ട്.

ഇപ്പോൾ ചിത്രങ്ങളെടുക്കാൻ ഉപയോഗിക്കുന്ന ഈ ഉപകരണം, അതായത് ക്യാമറ, തിരുനബി(സ)യുടെ കാലത്ത് കണ്ടുപിടിക്കപ്പെട്ടിരുന്നില്ല. ചില രോഗങ്ങൾ തിരിച്ചറിയാൻ സാധിക്കുന്ന വളരെ അത്യാവശ്യമായ ഒരു ഉപകരണമാണിത്. അതിനാൽ ഇത് വെറും ചിത്രങ്ങളുടെ കാര്യം മാത്രമല്ല, മറിച്ച് ഇതിലൂടെ രോഗങ്ങൾ കണ്ടെത്താനും കഴിയുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

ഇപ്പോൾ ഈ സംവിധാനം കൂടുതൽ പുരോഗമിച്ചിരിക്കുന്നു. ആ കാലഘട്ടത്തിൽ എക്സ്റേ (തൃമ്യ) ഉണ്ടായിരുന്നു. അവിടുന്ന് പറയുന്നു: മനുഷ്യന്റെ എല്ലാ അസ്ഥികളുടെയും ചിത്രമെടുക്കാൻ കഴിയുന്ന മറ്റൊരു ചിത്രീകരണ ഉപകരണം കൂടി വന്നിട്ടുണ്ട്, എക്സ്റേയിലൂടെ, സന്ധിവാതം, ഗൗട്ട് തുടങ്ങിയ രോഗങ്ങൾ കണ്ടെത്തുന്നതിനായി ഈ ഉപകരണത്തിലൂടെ ചിത്രമെടുക്കുകയും രോഗത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുകയും ചെയ്യുന്നു.

ഇപ്പോഴാണെങ്കിൽ സ്കാനിംഗ്, എം.ആർ.ഐ (ങഞക) തുടങ്ങി ഒട്ടനവധി കാര്യങ്ങൾ വന്നിട്ടുണ്ട്. അക്കാലത്ത് ഈ ഉപകരണങ്ങൾ എത്രത്തോളം ഉപയോഗിച്ചിരുന്നുവെന്നതിനെക്കുറിച്ച് ഇത് വളരെ ഉപയോഗപ്രദമായ ഉപകരണമാണ് എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഇതിന്റെ മുന്നിൽ പോവുകയേ അരുത് എന്ന് പറയുന്നത് തെറ്റാണ്. ലക്ഷ്യം നല്ലതായിരിക്കണം.

وَاِنَّمَا الْاَعْمَالُ بِالنِّيَّاتِ۔

(കർമ്മങ്ങളുടെ ഫലം നിയ്യത്തുകളെ അടിസ്ഥാനമാക്കിയാണ്). ശരിയാണെങ്കിൽ പിന്നെ കുഴപ്പമില്ല. ശിർക്ക് ഉണ്ടാകാൻ പാടില്ല.

അദ്ദേഹം പറയുന്നു: ഇതേപോലെ ഫോട്ടോയിലൂടെ നിരവധി വൈജ്ഞാനിക നേട്ടങ്ങളും ഉണ്ടായിട്ടുണ്ട്. സാധാരണ ഫോട്ടോകൾ വഴിയും ഉണ്ടായിട്ടുണ്ട്.

അങ്ങനെ ചില ഇംഗ്ലീഷുകാർ ഫോട്ടോയിലൂടെ ലോകത്തെ മുഴുവൻ ജീവജാലങ്ങളുടെയും, വ്യത്യസ്ത തരം വെട്ടുകിളികളുടെയും എല്ലാത്തരം പക്ഷികളുടെയും മൃഗങ്ങളുടെയും ചിത്രങ്ങൾ തങ്ങളുടെ പുസ്തകങ്ങളിൽ അച്ചടിച്ചിട്ടുണ്ട്.

ഇന്നത്തെ കാലത്ത് നാഷണൽ ജിയോഗ്രഫിക് (National Geographic) പോലെയുള്ള പല ചാനലുകളും പ്രവർത്തിക്കുന്നുണ്ട്. അവർ വളരെ വിശദമായി മൃഗങ്ങളുടെ ചിത്രങ്ങളെടുത്ത് വിവരങ്ങൾ നൽകുന്നു. ഏതായിരുന്നാലും അവിടുന്ന് പറയുന്നു:

ഇതിലൂടെ വൈജ്ഞാനിക പുരോഗതി ഉണ്ടായിട്ടുണ്ട്. അതിനാൽ, വിജ്ഞാനം നേടാൻ പ്രോത്സാഹിപ്പിക്കുന്ന അല്ലാഹു, സങ്കീർണ്ണമായ പല രോഗങ്ങളും തിരിച്ചറിയാൻ സഹായിക്കുന്നതും മുഖലക്ഷണ വിദ്യയറിയുന്നവർക്ക് മാർഗ്ഗദർശനം ലഭിക്കാൻ കാരണമാകുന്നതുമായ ഇത്തരം ഉപകരണങ്ങളുടെ ഉപയോഗം ഹറാമാക്കുമെന്ന് എങ്ങനെ കരുതാനാകും. ഇവയൊക്കെ വ്യാപിച്ചിട്ടുള്ള അജ്ഞതകളാണ്.

**ഫോട്ടോ ഹറാമാണ്, വിലക്കപ്പെട്ടതാണ് എന്ന് പറയുന്നതും തെറ്റാണ്. അതെ! നിയ്യത്ത് നല്ലതായിരിക്കണം.**

അവിടുന്ന് പറയുന്നു:

**നമ്മുടെ രാജ്യത്തെ മൗലവിമാർ രാജാക്കന്മാരുടെ മുഖമുള്ള നാണയങ്ങൾ, അണകൾ, കാൽ രൂപ, അര രൂപ എന്നിവയൊക്കെ തങ്ങളുടെ പോക്കറ്റുകളിൽ നിന്നും വീടുകളിൽ നിന്നും പുറത്തേക്ക് എറിയാത്തതെന്താണ്?**

ഇത്രയും കടുത്ത നിലപാടുള്ള ഈ മൗലവിമാർ, നമ്മുടെ നാണയങ്ങളിലും രൂപയിലും നോട്ടുകളിലും രാജാക്കന്മാരുടെ ചിത്രങ്ങൾ അച്ചടിച്ചിട്ടുണ്ടല്ലോ, അവരത് വീടുകളിൽ നിന്ന് പുറത്തേക്ക് വലിച്ചെറിയാത്തത് എന്തുകൊണ്ടാണ്. എന്തുകൊണ്ടാണ് അത് തങ്ങളുടെ പോക്കറ്റിലിട്ട് നടക്കുന്നത്.

ഈ നാണയങ്ങളിൽ ചിത്രങ്ങളില്ലേ. യുക്തിക്ക് നിരക്കാത്ത കാര്യങ്ങൾ അന്യായമായി പറഞ്ഞുകൊണ്ട് ഇവർ എതിരാളികൾക്ക് ഇസ്‌ലാമിനെ പരിഹസിക്കാൻ അവസരമുണ്ടാക്കിക്കൊടുക്കുന്നു എന്നത് സങ്കടകരമാണ്. മാനുഷിക വിജ്ഞാനത്തെ പുരോഗമിപ്പിക്കുന്നതും രോഗങ്ങൾ തിരിച്ചറിയാൻ സഹായിക്കുന്നതും മുഖലക്ഷണ വിദ്യ അറിയുന്നവരെ നേർവഴിയിലേക്ക് അടുപ്പിക്കുന്നതുമായ കാര്യങ്ങളെയല്ല, മറിച്ച് അർത്ഥശൂന്യമായ എല്ലാ കാര്യങ്ങളെയും ശിർക്കിനെ പിന്തുണയ്ക്കുന്ന പ്രവൃത്തികളെയുമാണ് ഇസ്‌ലാം ഹറാമാക്കിയിട്ടുള്ളത്.

എന്നിരുന്നാലും, അനിവാര്യമായ കാരണങ്ങളില്ലാതെ എന്റെ ജമാഅത്തിലെ ആളുകൾ എന്റെ ഫോട്ടോ വ്യാപകമായി പ്രസിദ്ധീകരിക്കുന്നത് ഒരു തൊഴിലോ സമ്പാദ്യമാർഗ്ഗമോ ആക്കി മാറ്റുന്നത് ഞാൻ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല.'

ലക്ഷ്യം നല്ലതാണെങ്കിൽ കുഴപ്പമില്ല. ***ഈ ചിത്രങ്ങളെ സമ്പാദിക്കാനുള്ള മാർഗ്ഗമാക്കരുത്. കാരണം ഇതിലൂടെ പതുക്കെപ്പതുക്കെ അനാചാരങ്ങൾ ഉണ്ടാകുകയും അത് ശിർക്കിലെത്തിച്ചേരുകയും ചെയ്യുന്നു. അതിനാൽ സാധ്യമാകുന്നിടത്തോളം ഇത്തരം പ്രവൃത്തികളിൽ നിന്ന് വിട്ടുനിൽക്കാൻ എന്റെ ജമാഅത്തിനോട് ഞാൻ ഈ അവസരത്തിലും ഉപദേശിക്കുന്നു.***

ചില ആളുകളുടെ കാർഡുകൾ ഞാൻ കണ്ടിട്ടുണ്ട്, അതിന്റെ പിൻഭാഗത്തെ വശത്ത് എന്റെ ചിത്രം കണ്ടിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രസിദ്ധീകരണത്തോട് എനിക്ക് കടുത്ത എതിർപ്പാണുള്ളത്. നമ്മുടെ ജമാഅത്തിലെ ഏതെങ്കിലും വ്യക്തി ഇത്തരമൊരു പ്രവൃത്തി ചെയ്യുന്നവനാകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ശരിയായതും പ്രയോജനപ്രദവുമായ ഒരു ലക്ഷ്യത്തിന് വേണ്ടി പ്രവർത്തിക്കുക എന്നത് വേറൊരു കാര്യമാണ്. എന്നാൽ തങ്ങളുടെ പൂർവ്വികരുടെ ചിത്രങ്ങൾ വാതിലുകളിലും മതിലുകളിലുമൊക്കെ എല്ലായിടത്തും സ്ഥാപിക്കുന്ന ഹിന്ദുക്കളെപ്പോലെ ചെയ്യുക എന്നത് തികച്ചും വ്യത്യസ്തമായ മറ്റൊരു കാര്യമാണ്. ഇത്തരം അർത്ഥശൂന്യമായ പ്രവൃത്തികൾ **മുൻജർബി ശിർക്ക്** ആയി മാറുന്നുവെന്ന് എപ്പോഴും കാണാൻ കഴിഞ്ഞിട്ടുണ്ട്, അതായത് ശിർക്കിലേക്ക് നയിക്കുന്നതായിത്തീരുന്നു,

കൂടാതെ ഹിന്ദുക്കളിലും ക്രിസ്ത്യാനികളിലും ഉണ്ടായതുപോലെ വലിയ വലിയ നാശങ്ങൾ ഇതിലൂടെ ഉണ്ടാകുന്നു. എന്റെ ഉപദേശങ്ങളെ മഹത്വത്തോടും ആദരവോടും കൂടി കാണുകയും എന്നെ സത്യസന്ധമായി പിൻപറ്റുകയും ചെയ്യുന്ന ഏതൊരാളും ഈ കല്പനയ്ക്ക് ശേഷം ഇത്തരം പ്രവൃത്തികളിൽ നിന്ന് വിട്ടുനിൽക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അല്ലാത്തപക്ഷം അവൻ എന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്വയം പ്രവർത്തിക്കുകയും ശരീഅത്തിന്റെ പാതയിൽ ധിക്കാരത്തോടെ ചുവടുവെക്കുകയുമാണ് ചെയ്യുന്നത്.

*(ബറാഹീനെ അഹ്മദിയ്യ അഞ്ചാം ഭാഗം, റൂഹാനി ഖസായിൻ വാല്യം 21 പേജ് 365 മുതൽ 367 വരെ)*

അതിനാൽ നാം ചിത്രം വെക്കുന്നതിന്റെ ലക്ഷ്യമെന്താണെന്ന് വളരെ ശ്രദ്ധയോടെ പരിശോധിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം ഒരുതരത്തിലും ശിർക്കിലേക്ക് നയിക്കുന്നതാകരുത്. ***ചിത്രങ്ങളോട് സലാം പറയുക, അവയ്ക്ക് മുന്നിൽ കുനിയുക എന്നിവയൊക്കെ ശിർക്കിന്റെ ചിന്തകളാണ്.***

ഹിന്ദുക്കളിൽ ഇതാണ് സംഭവിക്കുന്നത്. ചിലർ മരണപ്പെട്ടവരുടെ പഴയ ചിത്രങ്ങൾ വെക്കുകയും അതിനുമുകളിൽ മാലകൾ തൂക്കുകയും ചെയ്യുന്നു. ഇവിടെയും, നമ്മുടെയിടയിലും ചില സമയങ്ങളിൽ ചിലയിടങ്ങളിലായി ഒരു ആചാരം രൂപപ്പെട്ടിട്ടുണ്ട്; കുടുംബത്തിന്റെ ഗ്രൂപ്പ് ഫോട്ടോ എടുക്കുമ്പോൾ, ചിലർ മരണപ്പെട്ട തങ്ങളുടെ പ്രിയപ്പെട്ടവരുടെ ചിത്രങ്ങൾ ഉണ്ടാക്കി വലിയൊരു ഫ്രെയിമിലാക്കി തങ്ങളോടൊപ്പം വെക്കുന്നു. മരണപ്പെട്ട തങ്ങളുടെ പൂർവ്വികരുടെ ചിത്രമാണിതെന്നും അവരും തങ്ങളോടൊപ്പം ചേർന്നിട്ടുണ്ടെന്നും പറഞ്ഞുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ഇതെല്ലാം ശിർക്കാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. ഇവ തെറ്റായ കാര്യങ്ങളാണ്, അനാചാരങ്ങളാണ്, ഇവയിൽ നിന്ന് വിട്ടുനിൽക്കണം.

ചിലർ വിവാഹ ഫോട്ടോകളിലും ഇത്തരത്തിൽ ചിത്രമെടുക്കാറുണ്ടെന്ന് എനിക്ക് ചില റിപ്പോർട്ടുകൾ ലഭിക്കാറുണ്ട്.

കേവലം നല്ലൊരു ലക്ഷ്യത്തിന് വേണ്ടിയോ സ്വന്തം ഓർമ്മയ്ക്കായി ആൽബങ്ങളിൽ സൂക്ഷിക്കുന്നതിനോ വേണ്ടിയാണ് ചിത്രങ്ങൾ എടുക്കുന്നതെങ്കിൽ അത് അനുവദനീയമാണ്. എന്നാൽ അതിനെ ഒരു അനാചാരമാക്കി മാറ്റുകയും, അവ വെച്ചതിന് ശേഷം അതിലേക്ക് നോക്കിയിരിക്കുകയും രാവിലെ എഴുന്നേറ്റ് സലാം പറയുകയും ചെയ്യുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ തെറ്റായ കാര്യങ്ങളാണ്.

ഹദ്റത്ത് സൂഫി ഗുലാം മുഹമ്മദ് സാഹിബ്(റ) പറയുന്നു:

'അമേരിക്കയിലുള്ളവരും വിദേശത്തുള്ളവരുമായ ചില ആളുകൾ വാഗ്ദത്ത മസീഹ് ആണെന്ന് വാദിക്കുന്നയാളുടെ ചിത്രം കാണാൻ ആഗ്രഹിക്കുന്നുവെന്ന് ആവശ്യപ്പെട്ടിരുന്നു. അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ എടുത്തത്. ഇവിടെ അബ്ദുൽ മുഹ്‌യ് എന്ന് പേരുള്ള ഒരു അറബി താമസിച്ചിരുന്നു. അദ്ദേഹം ധാരാളം കാർഡുകൾ അച്ചടിക്കുകയുണ്ടായി. അതിൽ ഹുസൂർ(അ)ന്റെ ചിത്രവുമുണ്ടായിരുന്നു. അതിൽ ഫോട്ടോ പ്രസിദ്ധീകരിച്ചു.

ഹുസൂർ(അ) ഇതറിഞ്ഞപ്പോൾ, അതായത് കാർഡുകളിൽ, പോസ്റ്റ് കാർഡുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് അറിഞ്ഞപ്പോൾ,

ഹുസൂർ(അ) വളരെ കോപിക്കുകയും ഇപ്രകാരം പറയുകയും ചെയ്തു:

ഒരു ദീനി ആവശ്യത്തിന് വേണ്ടിയായിരുന്നു നാം നമ്മുടെ ചിത്രമോ ഫോട്ടോയോ എടുത്തിരുന്നത്. നമ്മുടെ ചിത്രത്തെ ഒരു ഉപജീവനമാർഗ്ഗമാക്കി മാറ്റുന്നത് നാം വളരെയധികം വെറുക്കുന്നു, അത് മുൻജർബി ശിർക്ക്, അതായത് ശിർക്കിലേക്ക് നയിക്കുന്ന ഒന്നായി, മാറിയേക്കാം. അങ്ങനെ ആ കാർഡുകൾ നശിപ്പിച്ചുകളഞ്ഞു.

*(രിവായാത്തെ അസ്ഹാബെ അഹ്മദ് ബാഗം: 3, പേജ് 408)*

ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി(റ) പറയുന്നു:

ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബൈഅത്ത് ചെയ്തപ്പോൾ, ഞാൻ ഇന്നയിന്ന ദിക്റുകൾ ചെയ്യാറുണ്ടെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സവിധത്തിൽ എഴുതി അറിയിച്ചു. ഞാൻ ബൈഅത്ത് ചെയ്തു വന്നതുമുതൽ എന്റെ നാട്ടിലെ പീറുമാരുടെ മുരീദുമാർ അവരുടെ നിർദ്ദേശപ്രകാരം ആ പീരുമാരുടെ രൂപം മനസ്സിൽ സങ്കൽപ്പിക്കാറുണ്ട് എന്നും ഞാൻ അറിയിച്ചു. അപ്രധാനികളായ പീറുമാരുടെ രൂപം പോലും അവരുടെ മുരീദുമാർ മനസ്സിൽ സങ്കൽപ്പിക്കുന്നുവെങ്കിൽ, അല്ലാഹുവിന്റെ വാഗ്ദത്ത മസീഹും ഇമാം മഹ്ദിയുമായ എന്റെ മാർഗ്ഗദർശിയുടെയും ഗുരുവിന്റെയും രൂപം ഞാൻ എന്തുകൊണ്ട് മനസ്സിൽ സങ്കൽപ്പിച്ചുകൂടാ എന്ന ചിന്തയിലായിരുന്നു ഞാൻ.

അതായത്, സങ്കൽപ്പത്തിൽ ആ ചിത്രം എന്റെ മനസ്സിൽ ഉറപ്പിക്കുകയും, പിന്നീട് ദിവസവും ആ ചിത്രം വെച്ചുകൊണ്ട് എന്റെ ഓരോ ലക്ഷ്യങ്ങളും പൂർത്തിയാക്കാൻ ശ്രമിക്കുകയും ചെയ്യാം. അതിനാൽ,

അവിടുത്തെ രൂപം മനസ്സിൽ സങ്കൽപ്പിക്കുന്നത് ആ പീറുമാരുടെയെല്ലാം രൂപം സങ്കൽപ്പിക്കുന്നതിനേക്കാൾ അനുഗൃഹീതവും പ്രയോജനപ്രദവും അനുയോജ്യവുമായിരിക്കുമല്ലോ.

അദ്ദേഹം പറയുന്നു, ഹദ്റത്ത് അഹ്മദ്(അ) ആണല്ലോ മസീഹ് മൗഊദ്, ബാക്കിയുള്ള പീറുമാരും ഫക്കീറുമാരുമൊക്കെ ശരിയായവരാണോ എന്ന് പോലും അറിയില്ല. ആളുകൾ അവരുടെയൊക്കെ രൂപം മനസ്സിൽ സങ്കൽപ്പിച്ച് നടക്കുമ്പോൾ, എനിക്ക് എന്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രൂപം എപ്പോഴും മനസ്സിൽ സങ്കൽപ്പിച്ച് നടന്നുകൂടാ.

രാജകി സാഹിബ്(റ) പറയുന്നു: ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സവിധത്തിൽ ഈ കത്തെഴുതിയപ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഭാഗത്തുനിന്ന് ഹദ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ്(റ) തന്റെ കൈപ്പടയിൽ എഴുതിയ ഒരു കത്ത് എനിക്ക് ലഭിച്ചു. അതിൽ ഇപ്രകാരം എഴുതിയിരുന്നു:

സൃഷ്ടികളുടെ രൂപം മനസ്സിൽ സങ്കൽപ്പിക്കുന്നതിലൂടെ ശിർക്കല്ലാതെ മറ്റെന്ത് ഫലമാണുണ്ടാകുക.

നിങ്ങൾ ചെയ്യുന്ന ഈ സങ്കൽപ്പത്തിലൂടെ ശിർക്കല്ലാതെ മറ്റൊന്നും ഉണ്ടാകില്ല.

**അല്ലാഹുവിന്റെ സ്മരണയ്ക്കായി അല്ലാഹുവിന്റെ നാമം തന്നെ മതിയായതാണ്. കൂടാതെ തിരുനബി(സ)യുടെ സുന്നത്തിന്റെ മുദ്ര പതിഞ്ഞ സ്വലാത്ത് വേണം പാരായണം ചെയ്യാൻ.**

ഈ മറുപടി ലഭിച്ചയുടനെ ഞാൻ രൂപം സങ്കൽപ്പിക്കുന്ന ആ രീതി ഉപേക്ഷിക്കുകയും മുമ്പ് ചെയ്തിരുന്ന ദിക്റുകൾ ഒറ്റയടിക്ക് നിർത്തുകയും ചെയ്തു. *(രിവായാത്തെ അസ്ഹാബെ അഹ്മദ് ഭാഗം: 4 പേജ് 329,330)*

ഹദ്റത്ത് മാസ്റ്റർ സയ്യിദ് നസീർ അഹ്മദ് സാഹിബ്(റ) പറയുന്നു:

'ഖാദിയാനിലെ മുഹാജിർ ആയ മർഹൂം സയ്യിദ് ഫസൽ ഷാ സാഹിബ്(റ) എന്നോട് വിവരിക്കുന്നു, ഒരിക്കൽ ഒരു സുഹൃത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് കീമിയാഗരിയെക്കുറിച്ച് (ആൽക്കെമിയെക്കുറിച്ച് / സ്വർണ്ണമുണ്ടാക്കുന്ന വിദ്യയെക്കുറിച്ച്) ചോദിച്ചപ്പോൾ ഹുസൂർ(അ) ഇപ്രകാരം പറഞ്ഞു:

'ആൽക്കെമിസ്റ്റുകൾ ഉപജീവനം തേടി അസ്വസ്ഥരായി അലഞ്ഞുനടക്കുകയാണ്, എന്നാൽ ഉപജീവനം ലഭിക്കാൻ അല്ലാഹു അനുവദനീയമായ നിലയിൽ നിശ്ചയിച്ചിട്ടുള്ള ശരിയായ മാർഗ്ഗങ്ങൾ അവർ സ്വീകരിക്കുന്നില്ല. ആൽക്കെമിസ്റ്റുകൾക്ക് തവക്കുലിന്റെ സ്ഥാനം ലഭിക്കുന്നില്ല, അതുകൊണ്ടു തന്നെയാണ് അവർ ശരിയായതും അനുവദനീയവുമായ മാർഗ്ഗങ്ങൾ ഉപേക്ഷിച്ച് സ്വയം ഒരു വഴി കണ്ടെത്തുന്നത്. അല്ലാഹു പറയുന്നത് അവർ അറിയുന്നില്ല:

فِي السَّمَآءِ رِزْقُكُمْ وَمَا تُوْعَدُوْنَ

(വാനലോകത്ത് നിങ്ങൾക്കുള്ള ഉപജീവനവും നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെടുന്ന കാര്യങ്ങളുമുണ്ട്. അദ്ദാരിയാത്ത്: 23)

അത്തരം നിർഭാഗ്യവാന്മാരെ ഏറ്റവും വലിയ മുശ്രിക്കുകളായാണ് നാം കണക്കാക്കുന്നത്. തന്റെ വിശുദ്ധ വചനമായ ഖുർആനിൽ അല്ലാഹു സത്യവിശ്വാസിക്ക് ഒരു രസതന്ത്രക്കുറിപ്പ് നൽകുന്നുണ്ട്, അത് പ്രാവർത്തികമാക്കുന്നതിലൂടെ, അല്ലാഹു താൻ വാഗ്ദാനം ചെയ്തതുപോലെ വാനലോകത്തുനിന്ന് ഉപജീവനം നൽകുന്നതാണ്. എന്നാൽ അവനിലേക്ക് തലകുനിക്കുന്നവർക്ക് മാത്രമാണ് അത് ലഭിക്കുന്നത്. അദ്ദേഹം പറയുന്നു:

സത്യവിശ്വാസിക്ക് ഒരു രസതന്ത്രക്കുറിപ്പ് നൽകുന്നുണ്ട്, അത് പ്രാവർത്തികമാക്കുന്നതിലൂടെ ഓരോ മനുഷ്യനും യഥാർത്ഥ ആൽക്കെമിസ്റ്റായി മാറുന്നു, കൂടാതെ അല്ലാഹു അവന്റെ എല്ലാ ആവശ്യങ്ങളും സ്വയം നിറവേറ്റിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

وَمَنْ يَّتَّقِ اللّٰهَ يَجْعَلْ لَّهٗ مَخْرَجًا وَّيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ

(ആരെങ്കിലും അല്ലാഹുവിനെ ഭയപ്പെടുന്നുവെങ്കിൽ അവൻ അയാൾക്ക് ഒരു പോംവഴി ഉണ്ടാക്കിക്കൊടുക്കും. കൂടാതെ അവൻ വിചാരിക്കാത്ത ഇടത്തുനിന്ന് അവന് ഉപജീവനം നൽകുകയും ചെയ്യും. അത്ത്വലാഖ്: 34)

നോക്കൂ, മുത്തഖിക്ക് ലോകത്തെ മുഴുവൻ അനുഗ്രഹങ്ങളും നൽകുമ്പോൾ പിന്നെ അവൻ ആരുടെ ആശ്രിതനാകാനാണ്.

തഖ്‌വ സ്വീകരിക്കുന്നവർക്ക് അല്ലാഹു അത്തരം മാർഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും അവർ ചിന്തിക്കുക പോലും ചെയ്യാത്ത ഇടങ്ങളിൽ നിന്ന് ഉപജീവനം നൽകുകയും ചെയ്യുന്നു.

ആ മഹാത്മാവ് പറയുന്നു, മുത്തഖിക്ക് ലോകത്തുള്ള അനുഗ്രഹങ്ങൾ ലഭിക്കുമ്പോൾ പിന്നെ അവൻ ആരുടെ ആശ്രിതനാകാനാണ്.

ഞാൻ പറയുന്നത് ഇതാണ്: ഈ ആൽക്കെമിസ്റ്റുകൾ ആൽക്കെമിക്കായി പാഴാക്കുന്ന സമയം തങ്ങളുടെ സ്രഷ്ടാവിനുവേണ്ടി ചെലവഴിക്കുകയാണെങ്കിൽ, അവർ ശരിയായ വിധത്തിൽ തഖ്‌വയിൽ നിലകൊള്ളുകയാണെന്ന വ്യവസ്ഥ പാലിച്ചാൽ അവർ തങ്ങളുടെ ആഗ്രഹങ്ങളെല്ലാം നേടിയെടുക്കും.

*(രിവായാത്തെ അസ്ഹാബെ അഹ്മദ് ഭാഗം: 3 പേജ് 179)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തൗഹീദിനെക്കുറിച്ചുള്ള പ്രഭാഷണങ്ങളും അവിടുത്തെ വ്യക്തിപരമായ മാതൃകയും നിർമ്മലഹൃദയരായ ആളുകളിൽ എങ്ങനെ സ്വാധീനം ചെലുത്തിയെന്നതിനെക്കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ആത്മാർത്ഥതയുള്ള ഒരു വയോധികനെ സംബന്ധിച്ച സംഭവം വിവരിക്കുന്നു:

കാശ്മീരിലെ ബാരാമുള്ളയിൽ റേഞ്ച് ഓഫീസറായിരുന്ന മീർ അബ്ദുറഹ്മാൻ സാഹിബ് എനിക്ക് എഴുതിയിരുന്നു:

എന്റെ പിതാവ് ആദ്യം ഹനഫിയായിരുന്നു. പിന്നീട് അഹ്‌ലെ ഹദീസ് ആയി. ആ കാലഘട്ടത്തിൽ അദ്ദേഹം തന്റെ സുഹൃത്തായആസ്നൂറിലെ പരേതനായ മൗലവി മുഹമ്മദ് ഹസൻ സാഹിബിനോട് പതിവായി ഇപ്രകാരം പറയുമായിരുന്നു: നാം ഉറച്ച തൗഹീദുകാരാണെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും, ഭാവിയിൽ നമ്മെ മുശ്രിക്കുകളെന്ന് പ്രഖ്യാപിക്കുന്ന മറ്റൊരു ജമാഅത്ത് വന്നേക്കാം.

എന്റെ പിതാവ് പറയുമായിരുന്നു: അങ്ങനെ തന്നെയാണ് സംഭവിച്ചത്. കാരണം, ഹദ്റത്ത് ഈസാ(അ) മരിച്ചവരെ ജീവിപ്പിച്ചുവെന്നും പക്ഷികളെ സൃഷ്ടിച്ചുവെന്നും ഞങ്ങൾ വിശ്വസിച്ചിരുന്നു. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ താഴെ പറയുന്ന കവിതാ ശകലങ്ങൾ കേട്ടപ്പോഴാണ് എനിക്ക് യാഥാർഥ്യം ബോധ്യമായത്:

ہے وہی اکثر پرندوں کا خدا اس خدادانی پہ تیرے مرحبا

مولوی صاحب! یہی توحید ہے سچ کہو کس دیو کی تقلید ہے؟

*(സകല പക്ഷികളുടെയും യഥാർത്ഥ ദൈവം അവൻ മാത്രമാണ്.*

*ഈ സത്യം തിരിച്ചറിഞ്ഞതിൽ അഭിനന്ദനം.*

*ഓ മൗലവീ! ഇതാണോ അല്ലാഹുവിന്റെ തൗഹീദ്?*

*സത്യമായി പറയൂ, നിങ്ങൾ ഏത് ദൈവത്തെയാണ് പിന്തുടരുന്നത്?)*

അതിനുശേഷം നിങ്ങളുടെ രണ്ട് സഹോദരന്മാരെയും ശ്രീനഗറിൽ അവരുടെ അമ്മാവന്റെ കൂടെ വിട്ട്, ഞാൻ കാൽനടയായി തന്നെ ഖാദിയാനിലേക്ക് പുറപ്പെട്ടു. അവിടെ ബൈഅത്ത് ചെയ്യാനുള്ള അനുഗ്രഹം എനിക്ക് ലഭിച്ചു.

ഇതുതന്നെയായിരുന്നു അദ്ദേഹത്തിന് മാർഗദർശനമായ സന്ദേശം.

*(സീറതുൽ മഹ്ദി, വാല്യം 2, പേജ് 160,161, രിവായത് 1229)*

ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ രാജകി സാഹിബ്(റ) വിവരിക്കുന്നു:

മിക്കവാറും 1901ലെ സംഭവമാണെന്ന് തോന്നുന്നു, ഒരിക്കൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ ഹാജരായിരുന്നു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ തൗഹീദിനെക്കുറിച്ച് ഒരു പ്രഭാഷണം നടത്തിക്കൊണ്ട് പറഞ്ഞു:

ചില ആളുകൾ ആരിൽ നിന്നെങ്കിലും ഒരു ഉപകാരം ലഭിക്കുമ്പോൾ ആദ്യം **അൽഹംദുലില്ലാഹ്** എന്ന് പറയാതെ **ജസാകല്ലാഹ്** എന്നു പറയുന്നു. എന്നാൽ ആഴത്തിൽ ചിന്തിച്ചുനോക്കുമ്പോൾ, ഈ പ്രയോഗത്തിനുള്ളിലും വളരെ സൂക്ഷ്മമായ ഒരു ശിർക്കിന്റെ അംശം അടങ്ങിയിരിക്കുന്നു. കാരണം ഉപകാരം ചെയ്യുന്ന വ്യക്തിയും, അത് ചെയ്യാൻ അദ്ദേഹത്തിന് ലഭിച്ച മാർഗങ്ങളും, എല്ലാം അല്ലാഹുവിന്റെ സൃഷ്ടികളാണ്. അതിനാൽ ഒരു അനുഗ്രഹം ലഭിക്കുന്നവൻ ആദ്യം **അൽഹംദുലില്ലാഹ്** എന്നു പറഞ്ഞുകൊണ്ട് അല്ലാഹുവിനെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും വേണം. അതിനുശേഷമാണ് ആ വ്യക്തിയോട് **ജസാകല്ലാഹ്** എന്നു പറയേണ്ടത്. യഥാർത്ഥ മഅ്രിഫത്തിന്റെ വീക്ഷണത്തിൽ, എല്ലാ ഉപായങ്ങളുടെയും സ്രഷ്ടാവിനോടാണ് ആദ്യം നന്ദി അർപ്പിക്കേണ്ടത്.

അതിനുശേഷം ആ വ്യക്തിയോട് **ജസാകല്ലാഹ്** എന്നു പറയാവുന്നതാണ്. *(ഹയാതെ ഖുദ്സി, പേജ് 134)*

ഹദ്റത്ത് ഭായ് അബ്ദുർ റഹ്മാൻ സാഹിബ് ഖാദിയാനി(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അവസാനത്തെ ലാഹോർ യാത്രയുടെ വിശദാംശങ്ങൾ അടങ്ങിയ ഒരു ലേഖനത്തിൽ എഴുതുന്നു:

പ്രഭാതമായതോടെ സംഘാടകർ സ്വീകരണത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. അധികം വൈകാതെ പ്രമുഖരും മാന്യരായ അതിഥികളും എത്തിത്തുടങ്ങി. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആരോഗ്യനില വളരെ മോശമായിരുന്നു. നല്ല ക്ഷീണമുണ്ടായിരുന്നു. (അദ്ദേഹം അവിടെ ഒരു പ്രഭാഷണം നടത്തേണ്ടിയിരുന്നതാണ്) അവസ്ഥ വളരെ ഗുരുതരമായിരുന്നതിനാൽ, അദ്ദേഹത്തിന് ഒരു പ്രസംഗം നടത്താൻ കഴിയും എന്ന പ്രതീക്ഷ പോലും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്(റ)നോട് അതിഥികളെ അഭിസംബോധന ചെയ്തുകൊണ്ട് അവർക്ക് ആത്മീയ ആഹാരം നൽകാൻ നിർദേശിച്ചു.

അങ്ങനെ നിശ്ചയിച്ച സമയത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ്(റ) പ്രസംഗം ആരംഭിച്ചു. എന്നാൽ കുറച്ചുനേരം കഴിഞ്ഞപ്പോൾ ആ പ്രകാശമാനമായ ചന്ദ്രനും ദീപ്തമായ സൂര്യനും (ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെ) ഞങ്ങൾക്കിടയിൽ പ്രത്യക്ഷപ്പെട്ടു. (അതായത്, കുറച്ചുസമയം കഴിഞ്ഞ് ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വയം അവിടെയെത്തി.) ഹദ്റത്ത് മൗലവി സാഹിബ്(റ) പ്രസംഗം നിർത്തി. ഹുസൂർ(അ) എഴുന്നേറ്റ് നിന്ന് സദസ്സിലുള്ളവരെ അഭിസംബോധന ചെയ്തുകൊണ്ട് ഏറെക്കുറെ മൂന്നു മണിക്കൂറോളം വളരെ ശക്തമായ, *വരാൻ പോലും പ്രയാസമുള്ള രോഗാവസ്ഥയായിരുന്നു, എന്നാൽ വന്ന് കഴിഞ്ഞപ്പോൾ* മൂന്നു മണിക്കൂറോളം വളരെ ശക്തമായ, ഗൗരവപൂർണ്ണവും ബൗദ്ധികവും ആഴമുള്ളതുമായ ഒരു പ്രഭാഷണം നടത്തി. അതേപ്പറ്റി അനുയായികൾ മാത്രമല്ല, ജമാഅത്തിന് പുറത്തുള്ളവരും അതീവ ശ്രദ്ധയോടെ, മായാജാലത്തിൽ അകപ്പെട്ടതുപോലെ കേട്ടിരുന്നു. ആ ആത്മീയ ആഹാരം അവർ ഏറെ ആസ്വദിച്ചതിനാൽ, ഭൗതിക ആഹാരത്തിന്റെ ആവശ്യം പോലും മറന്നുപോയി...

ഹുസൂർ(അ)ന്റെ പ്രസംഗത്തിന് വല്ലാത്തൊരു ഒഴുക്കുണ്ടായിരുന്നതിനാൽ അത് കുറിച്ച് വെക്കുക പ്രയാസമായിരുന്നു. വിവരണത്തിൽ എത്രത്തോളം ശക്തിയും ഗാംഭീര്യവും ഉണ്ടായിരുന്നെന്നാൽ നിറഞ്ഞുകവിഞ്ഞിരുന്ന ആ സദസ്സിൽ എല്ലാവരും ശ്വാസം പിടിച്ചുനിൽക്കുന്നതുപോലെ തോന്നി.

പ്രസംഗത്തിലെ ആവേശം എത്രമേൽ ശക്തമായിരുന്നതിനാൽ, സംസാരത്തിനിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ക്രമേണ സദസ്സിനോട് കൂടുതൽ അടുത്തേക്ക് നീങ്ങിക്കൊണ്ടിരുന്നു. ഞാൻ വ്യക്തിപരമായി

**• ഹദീഥുന്നബ്‌വി ﷺ •**

**"അദ്ദുആഉ ഹുവൽ ഇബാദത്തു."**

**ദുആ തന്നെയാണ് യഥാർഥ ആരാധന**

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

ശ്രദ്ധിക്കുകയും രേഖപ്പെടുത്തുകയും ചെയ്ത കാര്യമാണിത്: ഹദ്റത്ത് മസീഹ് മൗഊദ്(അ) പലതവണ മേശയെ കടന്ന് ഏതാനും ചുവടുകൾ മുന്നോട്ട് എത്തിയിരുന്നു. (ഹദ്റത്ത് മസീഹ് മൗഊദ്(അ) മേശയ്ക്കു പിന്നിൽ നിന്നല്ല സംസാരിച്ചിരുന്നത്; പ്രസംഗത്തിനിടെ മേശ പിന്നിലായി മാറിപ്പോകുമായിരുന്നു. അങ്ങനെ ചിലപ്പോൾ അവിടുന്ന് മേശയെക്കാൾ കുറെ ചുവടുകൾ മുന്നിലായി വന്നിരുന്നു.)

ഡോക്ടർ സയ്യിദ് മുഹമ്മദ് ഹുസൈൻ ഷാ സാഹിബിന്റെ വീടിന്റെ മുറ്റത്ത് വെച്ചായിരുന്നു ഹുസൂർ(അ)ന്റെ ഈ പ്രസംഗം നടന്നത്. ഇത് ഹുസൂർ(അ)ന്റെ വിയോഗത്തിന് പരമാവധി പത്തു ദിവസംമുമ്പായിരുന്നു.

ഇത് തക്മീലെ തബ്‌ലീഗ് (പ്രബോധനത്തിന്റെ പൂർത്തീകരണം), ഇത്മാമെ ഹുജ്ജത്ത് (ന്യായപൂർത്തി) എന്നീ പേരുകളിലാണ് സ്മരിക്കപ്പെടുന്നത്.

ഇതിനുമുമ്പ് വാനശാസ്ത്ര വിദഗ്ദ്ധനായ ഇംഗ്ലീഷുകാരനുമായുള്ള സംഭാഷണം ഖ്വാജാ കമാലുദ്ദീൻ സാഹിബിന്റെ വീടിന്റെ മുകൾഭാഗത്ത് വെച്ച് നടന്നിരുന്നു.

അതൊരു വലിയ തബ്‌ലീഗി പര്യടനമായിരുന്നു.

ഈ പ്രസംഗങ്ങൾക്ക് പുറമെ ഹുസൂർ(അ) ചെറുതും വലുതുമായ വേറെയും പ്രസംഗങ്ങൾ നടത്തുകയുണ്ടായി...

തുടർന്ന് അദ്ദേഹം എഴുതുന്നു:

'ഡോ. സയ്യിദ് മുഹമ്മദ് ഹുസൈൻ ഷാ സാഹിബിന്റെ വീട്ടിൽ താമസിച്ചുകൊണ്ട് **പൈഗാമെ സുൽഹ്** (മൈത്രി സന്ദേശം) എഴുതിക്കൊണ്ടിരുന്ന സമയത്ത്, ചില ഹിന്ദു സ്ത്രീകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സന്ദർശിക്കാനായി വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അത്യന്തം തിരക്കിലായിരുന്നതിനാൽ ആദ്യം അവരെ വേഗത്തിൽ മടക്കിവിടാനായിരുന്നു ഉദ്ദേശിച്ചത്. എന്നാൽ അവർ വളരെ ആത്മാർത്ഥമായി കുറച്ച് ഉപദേശം നൽകണമെന്ന് അഭ്യർത്ഥിച്ചു.

അവർ അങ്ങനെ അപേക്ഷിച്ചതിനാൽ, തിരക്കിനിടയിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരുടെ അപേക്ഷ സ്വീകരിച്ചു. തുടർന്ന് അവരോട് തൗഹീദിനെക്കുറിച്ച് ഉപദേശിക്കുകയും വിഗ്രഹാരാധനയിൽ നിന്ന് വിലക്കുകയും അല്ലാഹുവിനോട് പ്രാർത്ഥനയിലേക്ക് തിരിയാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. ഈ സംഭവം അവിടുത്തെ ജീവിതത്തിന്റെ അവസാന ഒന്നോ രണ്ടോ ദിവസങ്ങളിലായിരുന്നു. യാഥാർത്ഥത്തിൽ ആ സ്ത്രീകൾ കൂടുതൽ സമയം അവിടെ തുടരാനും അവിടുത്തെ വചനങ്ങൾ കൂടുതൽ കേൾക്കാനും ആഗ്രഹിച്ചിരുന്നു. എന്നാൽ അത്യന്തം തിരക്കുകൾ കാരണം അവർക്ക് മനസ്സില്ലാമനസ്സോടെ മടങ്ങിപ്പോകേണ്ടിവന്നു.

അതുപോലെ അവിടുത്തെ പ്രസ്തുത പ്രഭാഷണങ്ങളിൽ ചില ശ്രദ്ധേയമായ വാചകങ്ങളും അവസാനത്തേതും ആയതുകൊണ്ട് ഏറെ പ്രസിദ്ധവും ശിഷ്യന്മാരുടെ നാവുകളിൽ സർവ സാധാരണവുമായി മാറി.

عیسیٰ مسیح کو مرنے دو کہ اس میں اسلام کی زندگی ہے مسیح
محمدی کو آنے دو کہ اسی میں اسلام کی بزرگی ہے۔

ഈസായെ മരിക്കാൻ അനുവദിക്കുക; കാരണം അതിലാണ് ഇസ്‌ലാമിന്റെ ജീവൻ. അതുപോലെ മൂസായുടെ ഈസായ്ക്ക് പകരം മുഹമ്മദിയ്യ മസീഹ് വരണം; കാരണം അതിലാണ് ഇസ്‌ലാമിന്റെ മഹത്വം നിലനിൽക്കുന്നത്.

*(സീറത്തുൽ മഹ്ദി, അനുബന്ധം, വാള്യം 2, പേജ് 391...394)*

ഇതായിരുന്നു തൗഹീദ് സ്ഥാപിക്കുന്നതിന് വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഉണ്ടായിരുന്ന അടങ്ങാത്ത ആഗ്രഹം. രോഗവും തിരക്കുമുണ്ടായിരുന്നിട്ടും ഇസ്‌ലാമിന്റെയും തൗഹീദിന്റെയും സന്ദേശം എത്തിക്കുന്നതിനായി അവിടുന്ന് ഒന്നിനെയും വകവെച്ചില്ല.

അതിനാൽ, ഈ തൗഹീദിന്റെ സന്ദേശം ലോകത്ത് എത്തിക്കാനും അതിനെ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കാനും വേണ്ടിയുള്ള കഠിനമായ പരിശ്രമമാണ് ഇന്ന് മുഹമ്മദീ മസീഹിന്റെ ദാസന്മാരുടെ ദൗത്യം. ഈ ദൗത്യം നിറവേറ്റാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

ലോകത്തിന്റെ നിലവിലെ സാഹചര്യങ്ങൾക്കും പ്രത്യേകിച്ച് മുസ്‌ലിം ലോകത്തിന്റെ സാഹചര്യങ്ങൾക്കും വേണ്ടി വളരെയധികം പ്രാർത്ഥിക്കേണ്ടതുണ്ട്.

എന്തൊക്കെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. വെടിനിർത്തൽ എന്ന് പറയാനുണ്ടെങ്കിലും അത് ദീർഘകാലം നിലനിൽക്കുന്നതായി തോന്നുന്നില്ല, മറിച്ച് അതിൽ ഇപ്പോഴേ വിള്ളലുകൾ വീഴാൻ തുടങ്ങിയിട്ടുണ്ട്. എങ്ങനെയെങ്കിലും ലബനാനെ ആക്രമിച്ച് ഇറാനികളെ പ്രകോപിപ്പിക്കാനും അവർ തിരിച്ചടിക്കാനുമാണ് ഇസ്രായേൽ സർക്കാരിന്റെ ശ്രമം. ഇപ്പോൾ ചില യൂറോപ്യൻ നേതാക്കൾ പോലും അവരുടെ ഈ പ്രവൃത്തിയെ അപലപിച്ചിട്ടുണ്ട്. കുറഞ്ഞപക്ഷം ആരെങ്കിലുമൊക്കെ ശബ്ദമുയർത്തിയല്ലോ. ഈ ആളുകൾ കുറച്ചെങ്കിലുമൊക്കെ ധാർമ്മികത പ്രകടിപ്പിച്ചിട്ടുണ്ട്, എന്നാൽ അവർ ഇത്രയുമേ ചെയ്യുകയുള്ളൂ. അവർക്ക് അത്രമാത്രം ധാർമ്മികതയേ ഉള്ളൂ. ഇതിൽ കൂടുതൽ എന്തെങ്കിലും ചെയ്യാൻ അവർ ആഗ്രഹിക്കുന്നില്ല, അവർക്ക് അതിനുള്ള ധൈര്യവും ശക്തിയുമില്ല. ഏതായിരുന്നാലും, നാം പ്രാർത്ഥിക്കേണ്ടതുണ്ട്, അല്ലാഹു മുസ്‌ലിം ലോകത്തോട് കരുണ കാണിക്കുമാറാകട്ടെ.

പേജ് 2ൽ നിന്ന്

ഖുർബാനികളുടെ മാംസത്തെക്കുറിച്ചുള്ള വിധി ഇതൊരു സദഖയല്ല എന്നതാണ്. സ്വയം കഴിക്കണം, സുഹൃത്തുക്കൾക്ക് നൽകണം, വേണമെങ്കിൽ അത് ഉണക്കി സൂക്ഷിക്കുകയും ചെയ്യാം. സമ്പന്നർ പാവപ്പെട്ടവർക്ക് നൽകണം. പാവപ്പെട്ടവർ സമ്പന്നർക്കും നൽകണം. ഇതിലൂടെ സ്നേഹം വർദ്ധിക്കുന്നു, എന്നാൽ കേവലം സമ്പന്നർക്ക് മാത്രം നൽകുന്നത് ഇസ്‌ലാമിനെ മുറിച്ചുമാറ്റുന്നതിന് തുല്യമാണ്. അതുപോലെ കേവലം പാവപ്പെട്ടവർക്ക് മാത്രം നൽകുകയും സമ്പന്നർക്ക് നൽകാതിരിക്കുകയും ചെയ്യുന്നതും ഇസ്‌ലാമിൽ ശരിയായ കാര്യമല്ല. സമ്പന്നർ പാവപ്പെട്ടവർക്കും പാവപ്പെട്ടവർ സമ്പന്നർക്കും നൽകുന്നതിലൂടെ സ്നേഹം വർദ്ധിക്കുന്നു. സ്നേഹം വ്യാപിപ്പിക്കുക എന്ന ദീനിന്റെ ലക്ഷ്യം പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നു.

*(അൽ ഫസൽ, 17 ഓഗസ്റ്റ് 1922)*

മറ്റുള്ളവർക്ക് വേണ്ടി ഖുർബാനി നൽകാമോ? ഇതിനെക്കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) പറയുന്നു:

പലരും പാവപ്പെട്ടവരായിരിക്കും, അതിനാൽ ആരും ഖുർബാനിയിൽ നിന്ന് ഒഴിവാക്കപ്പെടരുത് എന്ന കാര്യം മുൻനിർത്തി സമുദായത്തിലെ പാവപ്പെട്ടവർക്ക് വേണ്ടി ഒരു ഖുർബാനി നൽകുക എന്നത് തിരുനബി(സ)യുടെ പതിവായിരുന്നു. ഈ രീതിയനുസരിച്ച് എന്റെ ജമാഅത്തിലെ പാവപ്പെട്ടവർക്ക് വേണ്ടി ഒരു ഖുർബാനി നൽകുക എന്നതാണ് എന്റെയും പതിവ്.

*(അൽ ഫസൽ, 17 ഓഗസ്റ്റ് 1922)*

ഖുർബാനിയുടെ മാംസം വിതരണം ചെയ്യുമ്പോൾ പ്രത്യേകിച്ചും പാവപ്പെട്ടവരെയും ദുർബലരെയും കണ്ടെത്തി അവർക്ക് നൽകണം, അല്ലാഹുവിന്റെ സ്നേഹദൃഷ്ടി നമ്മുടെ മേൽ പതിക്കാൻ വേണ്ടിയാണിത്. ഇതിനെക്കുറിച്ച് ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയുന്നു:

നിങ്ങളുടെ ഖുർബാനിയിൽ നിങ്ങളുടെ പാവപ്പെട്ട സഹോദരങ്ങളെയും ദുർബലരെയും അഗതികളെയും തീർച്ചയായും ഓർക്കണമെന്ന് ഞാൻ നിങ്ങളെയെല്ലാവരെയും ഓർമ്മിപ്പിക്കുന്നു. നിങ്ങളുടെ ബന്ധുമിത്രാദികൾക്കും സ്വന്തത്തിനും വേണ്ടി മൂന്നിലൊന്ന് (1/3) ഭാഗം തീർച്ചയായും മാറ്റിവെക്കുകയും ചെലവഴിക്കുകയും ചെയ്യുക, എന്നാൽ കുറച്ചുഭാഗം ജമാഅത്തിനെ ഏൽപ്പിക്കുക, അവർക്ക് അത് പാവപ്പെട്ടവരിലും അഗതികളിലും വിതരണം ചെയ്യാൻ കഴിയും. കൂടാതെ കുറച്ചുഭാഗം നിങ്ങളുമായി ബന്ധമുള്ളവരോ ബന്ധമില്ലാത്തവരോ ആയ, നിങ്ങളുടെ ദൃഷ്ടിയിൽ പെടുന്ന പാവപ്പെട്ടവർക്ക് നിങ്ങൾ തന്നെ നേരിട്ട് വിതരണം ചെയ്യുക. ആരെങ്കിലും പാവപ്പെട്ടവരെ കണ്ടെത്തി അവരുടെ ദൗർബല്യങ്ങൾ അകറ്റാൻ വേണ്ടി അവരെ പരിഗണിക്കുകയാണെങ്കിൽ, അതായത് അവരുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ മാറ്റുന്നതിനും അവരുടെ നിസ്സഹായതകൾ അകറ്റുന്നതിനുമായി അവർക്ക് മേൽ ദൃഷ്ടി പതിപ്പിക്കുകയാണെങ്കിൽ, അല്ലാഹുവിന്റെ നോട്ടം നിങ്ങളുടെ മേൽ പതിക്കുമെന്നും അല്ലാഹു നിങ്ങളുടെ ദൗർബല്യങ്ങളെ അകറ്റുമെന്നും ഞാൻ നിങ്ങൾക്ക് ഉറപ്പുനൽകുന്നു. അതിനാൽ ഇതൊരു വലിയ കച്ചവടമാണ്. പാവപ്പെട്ടവരെ കണ്ടെത്തുകയും അവരെ കണ്ടെത്തി അവർക്ക് അരികിലെത്തുകയും ചെയ്യുന്നത്, അല്ലാഹു നിങ്ങളെ കണ്ടെത്താനും നിങ്ങൾക്ക് അരികിലെത്താനുമുള്ള ക്ഷണമാണ് നൽകുന്നത്. തീർച്ചയായും അങ്ങനെ സംഭവിക്കുകയും ചെയ്യും. *(ഖുത്ബാത്തെ താഹിർ (ഈദൈൻ) പേജ് 642)*

അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

**• ഹദീഥുന്നബ്‌വി ﷺ •**



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**

**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

**• ഹദീഥുന്നബ്‌വി ﷺ •**

**"ബജ്ജിലുൽ മശാഇഖ."**
**പ്രായമുള്ളവരെ ബഹുമാനിക്കുക.**



tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

**പേജ് 1 ൽ നിന്ന്**

### തഫ്സീർ കബീറിൽ നിന്ന്:

എന്നാൽ കേവലം ആടിന്റെ ഖുർബാനിയിൽ മാത്രം ഒതുങ്ങിനിൽക്കുന്നവൻ അനുകരിക്കുന്നവനും കോമാളിയുമാണ്, അതിനാൽ അവൻ യാതൊരു ആദരവിനും അർഹനല്ല. പിന്നെ ചിന്തിച്ചുനോക്കിയാൽ മനസ്സിലാകും, ദിവസവും മൃഗങ്ങളെ അറുത്ത് ശീലിച്ച അറവുകാരൊഴികെ മറ്റ് ആളുകളുടെ മനസ്സിൽ മൃഗത്തെ അറുക്കുന്നത് കാണുമ്പോൾ വല്ലാത്തൊരു സ്വാധീനമുണ്ടാകുന്നു, അവരുടെ ചിന്തകളിൽ വലിയൊരു കോളിളക്കം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. *(തഫ്സീർ കബീർ ഭാഗം: 6, പേജ് 57 പ്രസിദ്ധീകരണം 2010, ഖാദിയാൻ)*

AL-ISLAM
The Official Website of
the Ahmadiyya Muslim Community

## ജാമിഅ അഹ്മദിയ്യാ ഖാദിയാൻ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു!

**കാഴ്സുകൾ: 1. മുറബ്ബി കോഴ്സ് (ഏഴ് വർഷത്തെ കോഴ്സ്), 2. ഷോർട്ട് ടേം മുഅല്ലിം കോഴ്സ്**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തിരുഹസ്തങ്ങളാൽ സ്ഥാപിതമായ പരിശുദ്ധമായ സ്ഥാപനമാണ് ജാമിഅ അഹ്മദിയ്യാ ഖാദിയാൻ. അവിടെനിന്നും നൂറുകണക്കിന് പണ്ഡിതന്മാരും മുബല്ലിഗ്മാരും പഠനം പൂർത്തിയാക്കി ലോകത്തിന്റെ വിവിധ കോണുകളിൽ ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ എത്തിക്കുന്നതിനുള്ള മഹത്തായ സേവനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു തആലാ ബിനസ്വ്രിഹിൽ അസീസ്) പല അവസരങ്ങളിലും അഹ്മദികളായ വിദ്യാർത്ഥികളോട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ധാർമിക പാഠശാലയിൽ ചേർന്ന് പഠനം പൂർത്തിയാക്കി ജമാഅത്തിനെ സേവിക്കാൻ ഉണർത്തിയിട്ടുണ്ട്. അതുകൊണ്ട്, സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ വാഖിഫീനെ നൗ വിദ്യാർത്ഥികളും അല്ലാത്തവരും ജാമിഅ അഹ്മദിയ്യായിൽ പ്രവേശം നേടി ജമാഅത്തിന്റെ സേവനത്തിനായി മുന്നോട്ട് വരേണ്ടതാണ്.

സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടെ ഈ വർഷം ജാമിഅ അഹ്മദിയ്യായിൽ ഏപ്രിൽ 1 മുതൽ (ഏഴ് വർഷത്തെ മുറബ്ബി കോഴ്സ്, ഷോർട്ട് ടേം മുഅല്ലിം കോഴ്സ്, മദ്റസത്തുൽ ഹിഫ്ള് എന്നിവയിലേക്ക്) പ്രവേശന നടപടികൾ ആരംഭിച്ചിരിക്കുന്നു. മെട്രിക് (പത്താം ക്ലാസ്) അല്ലെങ്കിൽ +2 പരീക്ഷകൾ പൂർത്തിയാക്കിയവരും ജാമിഅയിലോ മുഅല്ലിം കോഴ്സിലോ ചേരാൻ ആഗ്രഹിക്കുന്നവരുമായ വിദ്യാർത്ഥികൾ വഖ്ഫെ നൗ ഭാരത് വിഭാഗവുമായോ നിസാറത്തെ തഅ്ലീമുമായോ ബന്ധപ്പെടുക. എത്രയും വേഗം അപേക്ഷാ ഫോമുകൾ പൂരിപ്പിച്ച് വഖ്ഫെ നൗ ഭാരത് (നിസാറത്തെ തഅ്ലീം) ഓഫീസിലേക്ക് അയക്കേണ്ടതാണ്.

**അഡ്മിഷൻ നിബന്ധനകൾ** :

മെട്രിക് പാസ്സായവർക്ക് പ്രായപരിധി 17 വയസ്സും +2 പാസ്സായവർക്ക് 19 വയസ്സുമാണ്. ഹാഫിസുകൾക്ക് (ഖുർആൻ മനഃപാഠമാക്കിയവർക്ക്) പ്രായപരിധിയിൽ പ്രത്യേക ഇളവ് നൽകുന്നതാണ്.

പ്രവേശനത്തിനായി നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത് വിദ്യാർത്ഥികളെ ഇൻറർവ്യൂവിനും എഴുത്തുപരീക്ഷയ്ക്കും വിധേയമാക്കുകയും യോഗ്യരായവരെ തിരഞ്ഞെടുക്കുകയും ചെയ്യും. വിശുദ്ധ ഖുർആൻ, ഇസ്‌ലാം, അഹ്മദിയ്യത്ത്, മതപരമായ അറിവുകൾ, ഉറുദു, ഇംഗ്ലീഷ്, ജനറൽ നോളജ് എന്നിവയെ ആസ്പദമാക്കിയായിരിക്കും എഴുത്തുപരീക്ഷ.

എഴുത്തുപരീക്ഷയിലും ഇൻറർവ്യൂവിലും വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഖാദിയാൻ നൂർ ഹോസ്പിറ്റലിൽ മെഡിക്കൽ പരിശോധന ഉണ്ടായിരിക്കും. ഇതിലെല്ലാം വിജയിക്കുന്നവർക്ക് സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടെ ജാമിഅയിൽ പ്രവേശനം നൽകുന്നതാണ്.

വിവാഹിതർ/ബിരുദധാരികൾ എന്നിവർക്ക് ഷോർട്ട് ടേം മുഅല്ലിം കോഴ്സിന്റെ കാലാവധി രണ്ടര വർഷമാണ് (24 മാസം പഠനവും 6 മാസം ട്രെയിനിംഗും). മെട്രിക്/+2 മാത്രം പാസ്സായവർക്ക് ഇത് മൂന്നര വർഷമായിരിക്കും (3 വർഷം പഠനവും 6 മാസം ട്രെയിനിംഗും).

അപേക്ഷാ ഫോമിന് താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക:

Email: qdnwaqfenau@gmail.com
WAQFENAU DEPARTMENT (NAZARAT TALEEM)
Darul Balagh, CIVIL LINE, QADIAN
DISTT: GURDASPUR, PUNJAB (INDIA) PIN: 143516
CONTACT: 01872500975

(പ്രസിഡൻറ്, നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത്)

## ജമാഅത്തുകളുടെ ശ്രദ്ധക്ക്!

ജമാഅത്തുകളിൽ നടക്കുന്ന പരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ടും നല്ല ക്ലാരിറ്റിയുള്ള ഫോട്ടോയും ബദ്ർ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുതിനായി താഴെ ചേർക്കുന്ന ഇ മെയിൽ അഡ്രസ്സിൽ അയക്കുക. ഒന്നിലേറെ ഫോട്ടോകൾ ചേർത്തുവെച്ച് പിഡിഎഫ് ആക്കി അയച്ചാൽ പ്രസിദ്ധീകരിക്കുന്നതല്ല. നല്ല ക്ലാരിറ്റിയുള്ള ഒന്നോ രണ്ടോ ഫോട്ടോകൾ മാത്രം അയക്കുക. ക്ലാരിറ്റി കുറഞ്ഞ ഫോട്ടോകളും പ്രസിദ്ധീകരിക്കാൻ സാധിക്കുന്നതല്ല.

badrqadian@gmail.com

(പത്രാധിപർ)

MTA INTERNATIONAL
www.mta.tv
REACHING THE CORNERS OF THE EARTH

## 131-ാമത് ജൽസ സാലാന ഖാദിയാൻ

**2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ)**

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 131-ാമത് ജൽസ സാലാന ഖാദിയാൻ 2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു. സഹോദരങ്ങൾ ദുഃആകളുമായി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ടതാണ്. അല്ലാഹു പരമാവധി ജമാഅത്ത് അംഗങ്ങൾക്ക് ഈ ദൈവിക ജൽസയിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകട്ടെ. കൂടാതെ, ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദുഃആകൾക്ക് നമ്മെ എല്ലാവരെയും അർഹരാക്കുമാറാകട്ടെ. ആമീൻ.

NAZIR ISLAH-O-IRSHAD MARKAZIA, QADIAN

### • ഹദീഥുന്നബ്വി ﷺ •

**"അൽഅഅ്മാലു ബിൽ ഖവാതീമി"**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ

**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

### • ഹദീഥുന്നബ്വി ﷺ •

**"ഊസ്വീക്കും ബിൽജാരി."**

**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ

**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ

സീറത്തുന്നബി(സ)

വിവ: അബൂസ്വബാഹ്

# ദിറായത്തിന്റെ (Dirâyat)
## ആദ്യകാല ഉദാഹരണങ്ങൾ

ഈ നിവേദനം രേഖപ്പെടുത്തിയ ശേഷം ഇമാം തിർമിദി(റഹ്) ഇപ്രകാരം പ്രസ്താവിക്കുന്നു: 'മുസ്‌ലിം പണ്ഡിതന്മാരിൽ ഭൂരിഭാഗവും തീയിൽ തയ്യാറാക്കിയ ഒരു വസ്തു ഭക്ഷിച്ചാൽ വുളൂഅ് നിർബന്ധമില്ലെന്ന കാര്യത്തിൽ ഏകോപിച്ചിരിക്കുന്നു.'

അതുകൊണ്ട്, തിരുനബി(സ)യുടെ സ്വഹാബികളിൽ ഏറ്റവും കൂടുതൽ ഹദീസുകൾ നിവേദനം ചെയ്ത വ്യക്തിയായി അറിയപ്പെടുന്ന ഹദ്റത്ത് അബൂഹുറയ്റ(റ) കൈമാറിയ ഈ നിവേദനം, കേവല യുക്തിയുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) തള്ളിക്കളഞ്ഞതായി ഈ ഹദീസിൽ നിന്ന് വ്യക്തമാകുന്നു. ഒന്നാമതായി, ഒരു പദാർത്ഥം തീയിൽ പാകം ചെയ്തു എന്നതും അത് ഉപയോഗിച്ചാൽ വുളൂഅ് പുതുക്കണം എന്നതും തമ്മിൽ യാതൊരു ബന്ധവുമില്ല.

രണ്ടാമതായി, ദീനിന്റെ അടിസ്ഥാനം ലളിതവൽക്കരണവും സൗകര്യവുമാണെന്നിരിക്കെ, ഇത്തരമൊരു പ്രസ്താവന തിരുനബി(സ)യുടേതായി വരാൻ സാധ്യതയില്ല. ഈ കാരണത്താലാണ് ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്ത വ്യക്തമായ ഈ ഹദീസ് ഉണ്ടായിരുന്നിട്ടും, ഹദീസ് പണ്ഡിതന്മാരിലും കർമ്മശാസ്ത്ര വിദഗ്ധരിലും ഭൂരിഭാഗവും തീയിൽ തയ്യാറാക്കിയ വസ്തുക്കൾ ഉപയോഗിച്ചാൽ വുളൂഅ് നിർബന്ധമില്ലെന്ന കാര്യത്തിൽ ഉറച്ചുനിൽക്കുന്നത്. ഈ വീക്ഷണത്തെ ശരിവെക്കുന്ന മറ്റ് നിരവധി ഹദീസുകളും കാണാം.

നഊദുബില്ലാഹ്, ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്ത കാര്യങ്ങൾ തിരുനബി(സ)യുടെ വാക്കുകൾ തന്നെയാണെന്നും എന്നാൽ അവ പ്രാവർത്തികമാക്കാൻ യോഗ്യമല്ലെന്നും ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) അടക്കമുള്ള ഗവേഷകർ വിശ്വസിച്ചിരുന്നു എന്ന് ഇതിനർത്ഥമില്ല. മറിച്ച്, ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)ന്റെയും മറ്റ് ഗവേഷകരുടെയും വീക്ഷണത്തിൽ, ഈ നിവേദനത്തിന്റെ യഥാർത്ഥ പൊരുൾ മനസ്സിലാക്കുന്നതിൽ ഹദ്റത്ത് അബൂഹുറയ്റ(റ)ക്ക് പാകപ്പിഴ സംഭവിച്ചു എന്നാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

മറ്റൊരു സാധ്യത, തിരുനബി(സ) ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ പറഞ്ഞ കാര്യത്തെ ഹദ്റത്ത് അബൂഹുറയ്റ(റ) സാമാന്യവൽക്കരിച്ചതാകാം എന്നതാണ്. രിവായത്തിന്റെ തത്വമനുസരിച്ച് ഈ ഹദീസ് ആധികാരികമാണെന്ന് തെളിയുന്നുണ്ടെങ്കിലും, ദിറായത്തിന്റെ നിബന്ധനകൾ പാലിക്കാത്തതിനാൽ മുസ്‌ലിം ഗവേഷകർ ഇത് സ്വീകരിച്ചിട്ടില്ല.

ഹദ്റത്ത് അബൂഹുറയ്റ(റ)യെപ്പോലെയുള്ള ഒരു മുതിർന്ന നിവേദകന്റെ വിവരണം പോലും ദിറായത്തിന്റെ സൂക്ഷ്മപരിശോധനയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലെങ്കിൽ, മുസ്‌ലിംകൾ ഹദീസുകളുടെ ആധികാരികത നിശ്ചയിച്ചിരുന്നത് കേവലം രിവായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണെന്നും ദിറായത്തിന്റെ ആവശ്യകതകൾ അവർ അവഗണിച്ചിരുന്നുവെന്നുമുള്ള സർ വില്യം മൂയറിന്റെ പ്രസ്താവന എത്രത്തോളം വിലകെട്ടതാണെന്ന് ഇതിലൂടെ വ്യക്തമാകുന്നു.

മറ്റൊരു ഹദീസിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

عَنْ اَبِیْ اِسْحٰقَ قَالَ کُنْتُ مَعَ الْاَسْوَدِ بْنِ یَزِیْدَ فَحَدَّثَ الشَّعْبِیُّ عَنْ حَدِیْثِ فَاطِمَةَ بِنْتِ قَیْسٍ اَنَّ رَسُوْلَ اللّٰہِ صَلَّی اللّٰہُ عَلَیْہِ وَسَلَمَ لَمْ یَجْعَلْ لَھَا سُکْنٰی وَلَا نَفَقَةَ فَاَخَذَ الْاَسْوَدُ مِنْ حَصَی فَحَصِبَهٗ بِہٖ فَقَالَ وَیْلَكَ تُحَدِّثُ بِمِثْلِ ھٰذَا وَقَالَ عُمَرُ لَا نَتْرُكُ کِتَابَ اللّٰہِ وَسُنَّةَ نَبِیِّنَا صَلَّی اللّٰہُ عَلَیْہِ وَسَلَّمَ لِقَوْلِ امْرَأَةٍ لَا نَدْرِیْ حَفِظَتْ اَوْ نَسِیَتْ

അബൂ ഇസ്ഹാഖ്(റ) നിവേദനം ചെയ്യുന്നു; ഒരിരിക്കൽ ഒരു സദസ്സിൽ ഞാൻ അസ്വദ് ബിൻ യസീദ്(റ)ന്റെ കൂടെ ഇരിക്കുകയായിരുന്നു. അന്ന് ശഅ്ബീ(റ) ഇപ്രകാരം ഒരു നിവേദനം നൽകി: തിരുനബി(സ)യുടെ വനിതാ സ്വഹാബിയായിരുന്ന ഫാത്തിമ ബിൻത് ഖൈസ്(റ) പറയുന്നത്, അവരെ ഭർത്താവ് വിവാഹമോചനം ചെയ്തപ്പോൾ അവർക്ക് താമസസ്ഥലമോ ചെലവോ നൽകാൻ തിരുനബി(സ) കൽപ്പിച്ചില്ല എന്നാണ്. ഇതു കേട്ടപ്പോൾ അസ്വദ് ഒരുപിടി കല്ലുകൾ എടുത്ത് ശഅ്ബീക്ക് നേരെ എറിഞ്ഞുകൊണ്ട് പറഞ്ഞു: 'ഇത്തരമൊരു ഹദീസാണോ നീ അവതരിപ്പിക്കുന്നത്? ഈ ഹദീസ് ഹദ്റത്ത് ഉമർ(റ)ന്റെ മുൻപിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി:

ഭഓർമ്മശക്തിയുള്ളവളോ അതോ മറന്നുപോയവളോ എന്ന് നമുക്കറിയാത്ത ഒരു സ്ത്രീയുടെ വാക്കിനെ പരിഗണിക്കാൻ വേണ്ടി അല്ലാഹുവിന്റെ കിതാബും നമ്മുടെ തിരുനബി(സ)യുടെ സുന്നത്തും നമുക്ക് ഉപേക്ഷിക്കാനാവില്ല. (സ്വഹീഹ് മുസ്‌ലിം, ,(Kitābuṭ-Ṭalāq, Bābul-Muṭallaqati Thalāthan lā Nafaqata lahā, Ḥadīth No. 3710))

ഈ ഹദീസിൽ, തിരുനബി(സ)യുടെ രണ്ടാം ഖലീഫയായ ഹദ്റത്ത് ഉമർ(റ) ഒരു വനിതാ സ്വഹാബിയുടെ നിവേദനത്തെ തള്ളിക്കളയുന്നത് കാണാം. ആ പ്രസ്താവന ഖുർആന്റെ അധ്യാപനങ്ങൾക്കും തിരുനബി(സ)യുടെ സുന്നത്തിനും വിരുദ്ധമാണ് എന്നതായിരുന്നു അതിന് ആധാരമായ കാരണം. ഈ പ്രസ്താവന നടത്തിയ സ്ത്രീക്ക് ഒന്നുകിൽ തിരുനബി(സ)യുടെ വാക്കുകൾ ശരിയായി മനസ്സിലാക്കാൻ സാധിച്ചില്ല, അല്ലെങ്കിൽ അവർ പിൽക്കാലത്ത് ആ വാക്കുകൾ മറന്നുപോയി എന്ന വിശദീകരണത്തിലൂടെയാണ് ഹദ്റത്ത് ഉമർ(റ) ഈ വൈരുദ്ധ്യത്തെ പരിഹരിച്ചത്. ഏതായാലും, രിവായത്തിന്റെ കാഴ്ചപ്പാടിൽ ആധികാരികമായിരുന്നിട്ടും ദിറായത്തിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഉമർ(റ) ആ ഹദീസ് സ്വീകരിച്ചില്ല. സമാനമായി, ഫാത്തിമ(റ)യുടെ നിവേദനം തെറ്റാണെന്നും ഹദ്റത്ത് ഉമർ(റ)ന്റെ വിശ്വാസമാണ് ശരിയെന്നുമാണ് മുസ്‌ലിംകളുടെ മതപരമായ വിധി.

അതുപോലെ, മറ്റൊരു ഹദീസിൽ ഇപ്രകാരം നിവേദനം ചെയ്യുന്നു:

عَنْ مَحْمُوْدِ ابْنِ الرَّبِیْعِ اَنَّهٗ سَمِعَ عِتْبَانَ بْنَ مَالِكِ الْاَنْصَارِیَّ یَقُوْلُ قَالَ رَسُوْلُ اللّٰہِ صَلَّی اللّٰہُ عَلَیْہِ وَسَلَّمَ اَنَّ اللّٰہَ قَدْ حَرَّمَ عَلَی النَّارِ مَنْ قَالَ لَآ اِلٰہَ اِلَّا اللّٰہُ یَبْتَغِیْ بِذَالِكَ وَجْہَ اللّٰہِ قَالَ مَحْمُوْدُ فَحَدَّثْتُھَا قَوْمًا فِیْھِمْ اَبُوْ اَیُّوْبَ صَاحِبُ رَسُوْلِ اللّٰہِ صَلَّی اللّٰہُ عَلَیْہِ وَسَلَّمَ فَاَنْکَرَھَا عَلَیَّ اَبُوْ اَیُّوْبَ وَقَالَ وَاللّٰہِ مَا اَظُنُّ رَسُوْلَ اللّٰہِ صَلَّی اللّٰہُ عَلَیْہِ وَسَلَّمَ قَالَ مَا قُلْتُ قَطُّ

മഹ്മൂദ് ബിൻ റബീഅ് നിവേദനം ചെയ്യുന്നു; ഇതാബാൻ ബിൻ മാലിക് പറയുന്നത് ഞാൻ കേട്ടു: 'അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ട് പൂർണ്ണമായ ആത്മാർത്ഥതയോടെ ഭഅല്ലാഹുവല്ലാതെ ആരാധനയ്ക്ക് അർഹനില്ലഭ എന്ന് പ്രഖ്യാപിക്കുന്ന ഏവർക്കും അല്ലാഹു നരകാഗ്നി നിഷിദ്ധമാക്കിയിരിക്കുന്നു.' മഹ്മൂദ്(റ) തുടർന്നു: 'ഹദ്റത്ത് അബൂ അയ്യൂബ്(റ) സന്നിഹിതനായിരുന്ന ഒരു സദസ്സിൽ വെച്ച് ഞാൻ ഈ നിവേദനം ചിലരോട് പറഞ്ഞു. അപ്പോൾ ഹദ്റത്ത് അബൂ അയ്യൂബ്(റ) ആ നിവേദനത്തെ നിഷേധിച്ചുകൊണ്ട് പറഞ്ഞു: ഭദൈവത്താണെ, തിരുനബി(സ) ഇപ്രകാരം പറഞ്ഞു എന്ന് എനിക്ക് ഒട്ടും കരുതാനാവില്ലഭ. (സ്വഹീഹ് ബുഖാരി, (Kitābut-Tahajjud, Bābu Ṣalātin-Nawāfili Jamā'atan, Ḥadīth No. 1186))

ഈ ഹദീസിൽ, രിവായത്തിന്റെ കാഴ്ചപ്പാടിൽ ആധികാരികമെന്ന് തോന്നിച്ചിട്ടും ഹദ്റത്ത് അബൂ അയ്യൂബ് അൻസാരി(റ) ദിറായത്തിന്റെ അടിസ്ഥാനത്തിൽ ഒരു നിവേദനം സ്വീകരിക്കാൻ വിസമ്മതിക്കുന്നു. ഹദ്റത്ത് അബൂ അയ്യൂബ് അൻസാരി(റ)യുടെ യുക്തി തെറ്റായിരിക്കാൻ സാധ്യതയുണ്ടെങ്കിലും, തിരുനബി(സ)യുടെ സ്വഹാബികൾ തങ്ങളിലേക്ക് എത്തുന്ന എല്ലാ ഹദീസുകളെയും അന്ധമായി സ്വീകരിച്ചിരുന്നില്ല എന്ന വസ്തുതയ്ക്ക് ഈ ഹദീസ് തെളിവാണ്. നേരെമറിച്ച്, രിവായത്തിന്റെയും ദിറായത്തിന്റെയും തത്വങ്ങൾ ഉപയോഗപ്പെടുത്തി സമഗ്രമായ അന്വേഷണത്തിന് ശേഷം മാത്രമേ അവർ അഹാദീസുകൾ സ്വീകരിച്ചിരുന്നുള്ളൂ.

കൂടാതെ, മറ്റൊരു ഹദീസിൽ ഇപ്രകാരം പരാമർശിക്കുന്നു:

قَالَ ابْنُ عَبَّاسٍ فَلَمَّا مَاتَ عُمَرُ ذَکَرْتُ ذَالِكَ لِعَائِشَةَ فَقَالَتْ یَرْحَمُ اللّٰہُ عُمَرَ وَاللّٰہِ مَا حَدَثَ رَسُوْلُ اللّٰہِ صَلَّی اللّٰہُ عَلَیْہِ وَسَلَّمَ اَنَّ الْمَیِّتَ لَیُعَذَّبُ بِبُکَاءِ اَھْلِہٖ عَلَیْہِ وَلٰکِنْ قَالَ اِنَّ اللّٰہَ یَزِیْدُ الْکَافِرِ عَذَابًا بِبُکَاءِ اَھْلِہٖ عَلَیْہِ قَالَ وَقَالَتْ عَائِشَةُ حَسْبُکُمُ الْقُرْاٰنُ وَلَا تَزِرُ وَازِرَةٌ وِزْرَ اُخْرٰی

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു; ഹദ്റത്ത് ഉമർ(റ) ഇപ്രകാരം പറയാറുണ്ടായിരുന്നു: 'ഒരു മൃതദേഹത്തിന് അരികിലിരുന്ന് കരയുന്നത് നിമിത്തം ആ മയ്യിത്ത് ശിക്ഷിക്കപ്പെടും എന്ന് തിരുനബി(സ) പ്രസ്താവിച്ചിട്ടുണ്ട്.' ഹദ്റത്ത് ഉമർ(റ)ന്റെ വിയോഗത്തിന് ശേഷം ഞാൻ ഈ നിവേദനം ഹദ്റത്ത് ആഇശ(റ)യോട് സൂചിപ്പിച്ചപ്പോൾ അവർ പറഞ്ഞു: 'അല്ലാഹു ഉമർ(റ)ന് മേൽ കരുണ ചൊരിയുമാറാകട്ടെ, അല്ലാഹുവാണെ തിരുനബി(സ) അപ്രകാരമല്ല പറഞ്ഞത്. മറിച്ച്, ഭഒരു സത്യനിഷേധിയുടെ ബന്ധുക്കൾ അയാളുടെ മരണശേഷം കരഞ്ഞാൽ അത് അയാളുടെ ശിക്ഷ വർദ്ധിപ്പിക്കുകയേയുള്ളൂഭ എന്നാണ് അവിടുന്ന് പറഞ്ഞത്.' തുടർന്ന് ഹദ്റത്ത് ആഇശ(റ) പറഞ്ഞു: 'ഒരാളുടെ ഭാരം മറ്റൊരുത്തൻ ചുമക്കുകയില്ല എന്ന ഖുർആൻ സൂക്തം തന്നെ നിങ്ങൾക്ക് ഇക്കാര്യത്തിൽ മതിയായ തെളിവാണ്. (മിശകാത്ത്, (Mishkātul-Maṣābīḥ, Kitābul-Janā'iz, Bābul-Bukā'i 'alal-Maiyyiti, Al-Faṣluth-Thālith, Ḥadīth No. 1742,Volume 1, Part 1, pp. 329-330, Dārul-Kutubil-'Ilmiyyah, Beirut, Lebanon, First Edition (2003))) (തുടരും)

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)
www.akhbarbadr.in

EDITOR
H.Shamsuddin
Mobile : +91 99460 21252
Sub Editor : Mohammad Ismail
e-mail : badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian Vol-11 Issue:22

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2026-28 **Thursday 28 May 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

## ബദ്ർ വാരിക വായിക്കുക, സുഹൃത്തുക്കളെ വായിക്കാൻ പ്രേരിപ്പിക്കുക!

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്) ബദ്ർ വാരികയുടെ 2014 ഡിസംബറിലെ പ്രത്യേക പതിപ്പിന് നൽകിയ സന്ദേശത്തിൽ പറയുന്നു:

ബദർ പത്രാധിപ സമിതിയും വായനക്കാരും എപ്പോഴും ഓർമ്മിക്കേണ്ട ഒരു കാര്യമെന്തെന്നാൽ ജമാഅത്ത് അംഗങ്ങളുടെ ആത്മീയമായ സംസ്കരണത്തിനും പുരോഗതിക്കും വേണ്ടിയാണ് ഈ പത്രം ആരംഭിച്ചത്. നമ്മുടെ പൂർവ്വികർ പ്രതികൂല സാഹചര്യങ്ങളിലും അങ്ങേയറ്റം പരിശ്രമിച്ചുകൊണ്ട് ഇത് എപ്പോഴും നിലനിർത്താൻ ശ്രമിച്ചു. അവരുടെ പ്രാർത്ഥനകളുടെയും പരിശുദ്ധമായ പരിശ്രമങ്ങളുടെയും ഫലമായാണ് ഇന്നും ഇത് തുടർന്നുകൊണ്ടിരിക്കുന്നത്. അതിനാൽ കൂടുതൽ അഹ്മദികൾ ഇത് വായിക്കുകയും അതിൽ നിന്ന് പ്രയോജനം നേടാൻ ശ്രമിക്കുകയും വേണം. അല്ലാഹു തന്റെ അനുഗ്രഹത്താൽ ഇന്ത്യയിലെ അഹ്മദികൾക്ക് പ്രത്യേകിച്ചും, ലോകത്തിന്റെ ബാക്കി ഭാഗങ്ങളിൽ താമസിക്കുന്ന അഹ്മദികൾക്ക് പൊതുവായും ഇത് വായിക്കാനും ഇതിനോട് അനുബന്ധിച്ചുള്ള അനുഗ്രഹങ്ങൾ കരസ്ഥമാക്കാനും തൗഫീഖ് നൽകട്ടെ. ആമീൻ.

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്)ന്റെ അത്യന്തം പ്രധാനപ്പെട്ട ഈ നിർദ്ദേശത്തിന്റെ പശ്ചാത്തലത്തിൽ, ഓരോ വീട്ടിലും ബദ്ർ വാരികയുടെ വായന ഉറപ്പു വരുത്തേണ്ടതാണ്.

ബദ്ർ വാരികയിൽ ഖുർആൻ, ഹദീസ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വചനങ്ങൾ എന്നിവയ്ക്ക് പുറമെ ഹുസൂർ അൻവർ (അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്)ന്റെ ഖുതുബ ജുമുഅ, പ്രഭാഷണങ്ങൾ, കൂടാതെ ഹുസൂർ വിവിധ രാജ്യങ്ങളിൽ നടത്തിയ അനുഗൃഹീത സന്ദർശനങ്ങളുടെ ഹൃദ്യവും ഈമാൻ വർദ്ധിപ്പിക്കുന്നതുമായ റിപ്പോർട്ടുകൾ എന്നിവയും പ്രസിദ്ധീകരിക്കുന്നു. ഇതെല്ലാം ഓരോ അഹ്മദിയും വായിച്ചിരിക്കേണ്ടതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ സയ്യിദുനാ ഹുസൂർ അൻവർ (അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്)ന്റെ അനുമതിയോടെ ഇപ്പോൾ ഈ വാരിക ഉറുദുവിന് പുറമെ ഹിന്ദി, ബംഗ്ലാ, തമിഴ്, തെലുങ്ക്, മലയാളം, ഒഡിയ, കന്നഡ ഭാഷകളിലും പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുവരെ ബദ്ർ വരിക്കാരാകാത്തവർ ഇത് വരുത്തുകയും സ്വയം വായിക്കുന്നതോടൊപ്പം കുട്ടികളെയും വീട്ടിലെ മറ്റ് അംഗങ്ങളെയും ഇത് വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ നിർദ്ദേശങ്ങൾ അതിന്റെ യഥാർത്ഥ ചൈതന്യത്തോടെ പ്രാവർത്തികമാക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ. ആമീൻ.

(പത്രാധിപർ)

നോട്ട്: ബദ്ർ വാരിക ലഭിക്കുന്നതിലുള്ള കാലവിളംബം, വരിസംഖ്യ തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടി ബദ്ർ വാരിക മാനേജരുമായി ബന്ധപ്പെടുക.

### മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്

## ദേശീയ ഇജ്തിമാഅ്

*2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)*

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.**

**സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക.**

**അല്ലാഹു പരമാവധി അൻസാർ അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.** *(സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്)*

## ബദ്ർ വാരിക : ഖിലാഫത്തിന്റെ ശബ്ദം

അവസാന കാലത്ത് ആഗതരാകുന്ന വാഗ്ദത്ത മഹ്ദീ മസീഹ്(അ)നെക്കുറിച്ച് വിശുദ്ധ ഖുർആനിലും ഹദീസുകളിലും വിവരിച്ചിട്ടുള്ള അടയാളങ്ങളിൽ وَإِذَا الصُّحُفُ نُشِرَتْ (അതായത് ആ കാലഘട്ടത്തിൽ ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും വ്യാപകമായി പ്രചരിപ്പിക്കപ്പെടും.) എന്നും കാണാം. തൂലിക മുഖേന വിജ്ഞാനങ്ങൾ പകർന്നു നൽകപ്പെടും എന്നതാണ് ഇതിനർത്ഥം. ഇത്തരത്തിൽ പ്രചരിപ്പിക്കപ്പെടുന്ന ഗ്രന്ഥങ്ങൾ, പത്രങ്ങൾ, മാസികകൾ എന്നിവയിൽ ബദ്ർ വാരികക്ക് അദ്വതീയ സ്ഥാനമുണ്ട്. ഇത് ഇസ്‌ലാം അഹ്മദിയ്യത്തിന്റെ സന്ദേശം പ്രചരിപ്പിക്കുകയും വിശ്വാസികളുടെ വൈജ്ഞാനികവും ധാർമ്മികവുമായ ഉന്നമനത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്നു.

ബദ്ർ, അൽഹക്കം എന്നീ പത്രങ്ങളെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഈ പത്രങ്ങൾ നമ്മുടെ രണ്ട് കൈകളാണ്. ഇവ ഇൽഹാമുകളെ ഉടൻ തന്നെ വിവിധ രാജ്യങ്ങളിൽ എത്തിക്കുകയും അതിന് സാക്ഷികളാവുകയും ചെയ്യുന്നു.

*(ബദ്ർ 8 ജൂൺ 1905 പേജ് 2, മൽഫൂസാത്ത് വാല്യം 4 പേജ് 292)*

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ത്യാ വിഭജനത്തിന് ശേഷം 1952 മാർച്ച് 7 മുതൽ ബദ്ർ വാരിക അഹ്മദിയ്യത്തിന്റെ കേന്ദ്രമായ ഖാദിയാനിൽ നിന്ന് തുടർച്ചയായി പ്രസിദ്ധീകരിച്ചുവരുന്നു. ഇപ്പോൾ ഇത് 74ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. 2016 മുതൽ ബദ്ർ വാരിക ഏഴ് പ്രാദേശിക ഭാഷകളിൽ (ഹിന്ദി, ബംഗ്ലാ, ഒഡിയ, തമിഴ്, തെലുങ്ക്, മലയാളം, കന്നഡ) പ്രസിദ്ധീകരിച്ചു വരുന്നു. ഈ പത്രം എല്ലാ ആഴ്ചയും akhbarbadr.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ പത്രം ഖിലാഫത്തിന്റെ ശബ്ദമാണ്. ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് നൽകുന്ന ജുമുഅ ഖുത്ബകൾ, പ്രഭാഷണങ്ങൾ, ആഹ്വാനങ്ങൾ, ഖുത്ബ ജുമുഅ (ചോദ്യോത്തര രീതിയിൽ), ഹുസൂർ തിരുമനസ്സിന്റെ വിവിധ പരിപാടികൾ, സന്ദർശന റിപ്പോർട്ടുകൾ എന്നിവയും ഇതിൽ പ്രസിദ്ധീകരിക്കുന്നു. കൂടാതെ ജമാഅത്തിന്റെ പുരോഗതിയെകുറിച്ചുള്ള ലേഖനങ്ങളും ഇതിൽ വരുന്നുണ്ട്.

ബദ്ർ വാരിക, അഹ്മദിയ്യാ ചരിത്രത്തിന്റെ ഒരു പ്രധാന സ്രോതസ്സും മുൻഗാമികളുടെ ജീവചരിത്ര രേഖയുമാണ്. ജമാഅത്തിലെ ജനനങ്ങൾ, മരണങ്ങൾ, വിവാഹങ്ങൾ, വിജയങ്ങൾ എന്നിവയും ഇതിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. രോഗികൾക്ക് വേണ്ടിയുള്ള ദുആക്കപേക്ഷകൾ, വഫാത്തായവരെക്കുറിച്ചുള്ള അനുസ്മരണങ്ങൾ

തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തുന്നത് മുഖേന ലോകമെമ്പാടുമുള്ള അഹ്മദികൾക്ക് അവർക്കായി ദു:ആ ചെയ്യാൻ പ്രചോദനം ലഭിക്കുന്നു.

സയ്യിദുനാ ഹുസൂർ അൻവർ അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ നിർദ്ദേശപ്രകാരം നാല് ഇന പരിപാടികളുടെ ഭാഗമായി ഓരോ അഹ്മദി ഭവനത്തിലും ബദ്ർ ഉണ്ടാകേണ്ടതാണ്. അതിനാൽ എല്ലാ ജമാഅത്ത് അംഗങ്ങളും ഉറുദുവിലോ അല്ലെങ്കിൽ സ്വന്തം പ്രാദേശിക ഭാഷയിലോ ഉള്ള ബദ്ർ വരിക്കാരാകുകയും, ഈ പത്രം സ്വയംപര്യാപ്തമായി നിലനിൽക്കുന്നതിനായി സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്യണം.

ജില്ലാ/പ്രാദേശിക അമീർമാർ, ജമാഅത്ത് പ്രസിഡന്റുമാർ, മുബല്ലിഗ് ഇൻചാർജുമാർ, പ്രാദേശിക മുബല്ലിഗുമാർ, മുഅല്ലിമിമാർ എന്നിവർ പൂർവാധികം ഈ കാര്യത്തിൽ അംഗങ്ങളിൽ ഉണർവുണ്ടാക്കാനും ഓരോ വീട്ടിലും കുറഞ്ഞത് ഒരു പത്രം എങ്കിലും വരുത്താൻ ശ്രമിക്കണമെന്നും പ്രത്യേകമായി അഭ്യർത്ഥിക്കുന്നു. കൂടാതെ ഹുസൂർ അൻവർ അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ ആഗ്രഹപ്രകാരം വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കാനും പരിശ്രമിക്കുക. جزاکم اللہ احسن الجزاء

*(ആക്ടിംഗ് മാനേജർ, ബദ്ർ വാരിക, ഖാദിയാൻ)*

EVERYTHING IN ONE PLACE
THE REVIEW OF RELIGIONS



Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin